പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 1

21.12.2010-ലെ മറുപടിക്ക്

## നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.വി. ചെന്താമരാക്ഷൻ<br>ശ്രീ.എ.സി.മൊയ്തീൻ | | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യ വകുപ്പ് മന്ത്രി |
| എ) | നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി കുടിശ്ശിക ഈടാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെക്ക് പോസ്റ്റുകളിൽ വെയിംഗ് മെഷീൻ ഉൾപ്പെടെയുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. നികുതി വെട്ടിപ്പുകൾ നടത്തുന്നതായി പ്രഥമദൃഷ്ട്യാ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു. ഇത്തരത്തിലുള്ള നടപടികൾ നികുതി വെട്ടിപ്പ് വലിയൊരു പരിധിവരെ തടയുവാനും സ്വമേധയാ വ്യാപാരത്തിന് അനുസരണമായി നികുതി നൽകാനും പ്രേരണയുണ്ടായി. ഇതിനു പുറമേ റെയിൽ, ലക്ഷ്വറി ബസ് എന്നിവയിലൂടെ ധാരാളം നികുതി വെട്ടിപ്പു നടത്തി കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇവ നിരന്തരം പരിശോധനയ്ക്ക് വിധേയമാക്കുന്നു. കൂടാതെ അന്യ സംസ്ഥാനങ്ങളിലും ഇൻവെസ്റ്റിഗേഷൻ നടത്തുന്നുണ്ട്. വാണിജ്യ നികുതി ഓഫീസർമാരുടെ ജില്ലാതല സമ്മേളനങ്ങൾ വിളിച്ചുകൂട്ടി നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനും വിഭവ സമാഹരണം മെച്ചപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോടതി, സർക്കാർ, വിവിധ അപ്പീലധികാരികൾ എന്നിവർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാ |

| | | |
|---|---|---|
| | | കളക്ടർമാർക്ക് നിർദ്ദേശം നൽകുയും നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരും റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശികപിരിക്കുന്നു. നികുതി പിരിവ് കുറവനുഭവപ്പെടുന്ന ഓഫീസുകളിൽ നേരിട്ട് പരിശോധന നടത്തി, നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കുടിശ്ശിക വസൂലാക്കുന്നതിന് 2008-09 ലെ ബഡ്ജറ്റിൽ ഒരു ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചു. പ്രസ്തുത സ്കീം 2009-10 ലെ ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാക്കി. രജിസ്റ്റേർഡ് ഡീലേഴ്സ് ഇ-ഫയലിംഗ് മുഖേന സമർപ്പിക്കുന്ന റിട്ടേണിൽ നിന്നുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്ത് നികുതി കുറച്ചു നൽകുന്ന കച്ചവടക്കാരുടെ കണക്കുകൾ ഒത്തുനോക്കുന്നതിനും ഇന്റലിജൻസ് വിഭാഗത്തെകൊണ്ട് അവരുടെ സ്റ്റോക്ക് പരിശോധന നടത്തുന്നതിലേക്കും വേണ്ടി ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പുതിയതായി ഒരു "ഡേറ്റാ മൈനിംഗ്" ടീം രൂപീകരിച്ചിട്ടുമുണ്ട്. |
| ബി) | ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | ചെക്ക് പോസ്റ്റുകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചു. സംസ്ഥാനത്തെ പ്രധാന ചെക്ക് പോസ്റ്റുകളായ വാളയാർ, മഞ്ചേശ്വരം, അമരവിള എന്നിവ അഴിമതിരഹിത ചെക്ക് പോസ്റ്റുകളാക്കി മാറ്റി. ഇവിടെങ്ങളിൽ പ്രതേകം തെരഞ്ഞെടുക്കപ്പെട്ട-പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ മാത്രം നിയമിച്ചു. ചെക്ക് പോസ്റ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രത്യേക മുൻഗണന നൽകി. ചെക്ക് പോസ്റ്റുകളിൽ ഹൈ മാസ്റ്റ് വിളക്കുകൾ, വൈദ്യുതി തടസം ഒഴിവാക്കുന്നതിനുള്ള ജനറേറ്ററുകൾ, പരിശോധനക്കുള്ള പ്ലാറ്റ് ഫോമുകൾ, വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ, വെയ് ബ്രിഡ്ജുകൾ എന്നിവ സ്ഥാപിച്ചു. |

| | | |
|---|---|---|
| | | വാളയാർ, മഞ്ചേശ്വരം, അമരവിള, ഗോപാലപുരം, ഗോവിന്ദപുരം, കൂട്ടപ്പുഴ, മീനാക്ഷിപുരം, നടുപ്പുണി, കുമളി എന്നി ചെക്ക് പോസ്റ്റുകളിൽ വേയ് ബ്രിഡ്ജ് പ്രവർതനം ആരംഭിച്ചിട്ടുണ്ട്. വാളയാർ, നടുപ്പുണി, ഗോപാലപുരം എന്നീ ചെക്ക് പോസ്റ്റുകളിൽ ചെക്ക് പോസ്റ്റ് ട്രഷറികൾ സ്ഥാപിച്ചു. പാലാക്കാട് ജില്ലയിലെ താൽക്കാലിക ചെക്ക് പോസ്റ്റുകൾക്കെല്ലാം കണ്ടെയ്നർ ഓഫീസ് മൊഡ്യൂളുകൾ സ്ഥാപിച്ചു. അമരവിളയിൽ വേരിഫിക്കേഷൻ കൗണ്ടർ സ്ഥാപിക്കുകയും ചെയ്തു. പ്രധാന ചെക്ക് പോസ്റ്റുകളിലെല്ലാം ഓൺലൈൻ ഡേറ്റാ എൻട്രി സംവിധാനം ഏർപ്പെടുത്തി. കേരളാ അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി കടന്നു പോകുന്ന ചരക്കു വാഹനങ്ങൾക്ക് ഇ-ഡിക്ലറേഷൻ മുൻകൂറായി ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. ചെക്ക് പോസ്റ്റുകളിലെ വാഹന നീക്കം നിരീക്ഷിക്കുന്നതിനും ചെക്ക് പോസ്റ്റുകളിലേയും പരിസര പ്രദേശത്തെയും പ്രവർത്തനങ്ങൾ വാണിജ്യ നികുതി വകുപ്പ് കമ്മീഷണറുടെ നിരീക്ഷണത്തിൽ കൊണ്ടുവരുന്നതിനുമായി ക്യാമറകൾ സ്ഥാപിച്ച് തത്സമയ നിരീക്ഷണ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചു. അമരവിളയിൽ ഇത് പൈലറ്റ് സ്കീമായി നടപ്പിലാക്കുകയും ചെയ്തു. മറ്റ് ചെക്ക് പോസ്റ്റുകളിലേക്കും ഈ നിരീക്ഷണ സംവിധാനം വ്യാപിപ്പിക്കുന്നതാണ്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും, കാര്യക്ഷമതയും കൊുവരുന്നതിന് വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ വിനിയോഗിക്കാനാണ് ശ്രമിക്കുന്നത്. ഇ-ഫയലിംഗ്, ഇ-ഡിക്ലറേഷൻ ഹെൽപ്പ് ഡസ്കുകൾ എന്നിവയും സ്ഥാപിച്ചു. വാളയാർ, മഞ്ചേശ്വരം ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനു വേണ്ടിയുള്ള സ്ഥലമേറ്റെടുക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. മഞ്ചേശ്വരത്തെ സ്ഥലമെടുപ്പ് നടപടി പൂർത്തിയായി. |

| | | |
|---|---|---|
| സി) | ഈ വർഷത്തെ നികുതി വരുമാന ലക്ഷ്യം എത്രയാണ്? | 15125.69 കോടി രൂപ |
| ഡി) | ഇതിനകം നികുതി പിരിവിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ? | 30.11.2010 ലെ കണക്കനുസരിച്ച് 9712.61 കോടി രൂപ നികുതിയായി പിരിച്ചെടുത്തു. ഇത് വരുമാന ലക്ഷ്യത്തിന്റെ 64 ശതമാനമാണ്. മുൻ വർഷത്തിൽ ഇതേ കാലയളവിൽ ലഭിച്ചിതിനേക്കാൾ 23 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| ഇ) | നികുതിയേതര വരുമാനത്തിൽ ഈ വർഷം എത്ര കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്? | 2010-11-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം നികുതിയേതര വരുമാനത്തിൽ കൂടി ഈ വർഷം 2314.31 കോടി രൂപ പ്രതീക്ഷിക്കുന്നു. |
| എഫ്) | കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ നികുതിയേതര വരുമാനമായി എത്ര കോടി രൂപ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ? | നികുതിയേതര വരുമാനമായി 2008-09 സാമ്പത്തിക വർഷത്തിൽ 1559.29 കോടി രൂപയും 2009-10 സാമ്പത്തിക വർഷത്തിൽ 1852.22 കോടി രൂപയും ലഭിച്ചു |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 2

21.12.2010 ൽ
മറുപടിയ്ക്ക്

## പി.എസ്.സി. യിൽ നടത്തിയ പരിഷ്ക്കാരങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ. വി. എസ്. അച്യുതാനന്ദൻ (മുഖ്യ മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പി.എസ്.സി. യിൽ നടത്തിയ പരിഷ്ക്കാരങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

എ) അനുബന്ധം-1-ായി ചേർത്തിരിക്കുന്നു.

(ബി) നിയമന തട്ടിപ്പുകൾപുറത്തുവന്ന സാഹചര്യത്തിൽ വ്യാജനിയമനങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

ബി) അനുബന്ധം-2-ായി ചേർത്തിരിക്കുന്നു.

(സി) ഇതിനോട് നിയമന തട്ടിപ്പ് കേസുകളായി ബോധ്യപ്പെട്ട എന്തെല്ലാം കരുതൽ നടപടികളാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

സി) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ വെരിഫിക്കേഷൻ നടത്താൻ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിൽ കീഴിൽ ഒരു സ്പെഷ്യൽ സെല്ലിനെ ചുമതലപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമെ പി.എസ്.സിയുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ് -

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 3

21-12-2010 -ൽ മറുപടിയ്ക്ക്

### ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് നടപടി

ചോദ്യം

പ്രൊഫ. സി.രവീന്ദ്രനാഥ് :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. പി.വിശ്വൻ :
ശ്രീ. വി.ശശികുമാർ :

(എ) ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

ഉത്തരം

ശ്രീ. സി.ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)

(എ) ഉപഭോക്തൃ സംരക്ഷണത്തിനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും 14 ജില്ലകളിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

ഉപഭോക്തൃ സംരക്ഷണ നടപടികൾ കാര്യക്ഷമമാക്കുന്നതിനായി സർക്കാർ തലത്തിൽ ഒരു ഉപഭോക്തൃ കാര്യ വകുപ്പ് 2007 ജൂലൈയിൽ രൂപീകരിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന അളവുതൂക്ക വകുപ്പിനെ ഉപഭോക്തൃ കാര്യ വകുപ്പിന് കീഴിൽ കൊണ്ടുവന്നു. സിവിൽ സപ്ളൈസ് കമ്മീഷണറേറ്റിൽ ഒരു ഉപഭോക്തൃ കാര്യ സെൽ പ്രവർത്തിച്ചു വരുന്നു.

ഉപഭോക്താക്കളുടെ പൊതുവായ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാര നിർദ്ദേശങ്ങൾക്കായി സംസ്ഥാന തലത്തിൽ ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പ് മന്ത്രി ചെയർമാനായി സംസ്ഥാന കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലും

രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാ കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലുകൾ പുനഃസംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനും ഉപഭോക്താക്കളുടെ പരാതി കൾക്ക് തർക്ക പരിഹാര ഫോറങ്ങൾക്ക് പുറത്ത് പരിഹാരം കാണുന്നതിനുമായി 1800 425 1550 എന്ന ടോൾ ഫ്രീ ടെലിഫോൺ നമ്പറിൽ ഒരു കൺസ്യൂമർ ഹെൽപ്പ് ലൈൻ പ്രവർത്തിച്ചു വരുന്നു. ഉപഭോക്തൃ സംരക്ഷണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി വകുപ്പ് വ്യാപാര, വ്യവസായ, വാണിജ്യ, സർവ്വീസ് മേഖലകളിൽ ഉപയോഗിക്കുന്ന അളവ്തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പു വരുത്തു കയും അളവുതൂക്ക നിയമങ്ങളുടെ ലംഘനവും പായ്ക്കറ്റുകളിൽ വിൽക്കുന്ന സാധനങ്ങളുടെ വിൽപ്പന സംബന്ധിച്ച നിയമങ്ങളുടെ ലംഘനവും കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് ധനസഹായം നൽകുക, ഉപഭോക്തൃ അവബോധ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുക തുടങ്ങിയ ലക്ഷ്യ ങ്ങളോടെ സംസ്ഥാന ഉപഭോക്തൃ ക്ഷേമനിധി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ ജില്ലാ നിലവാരത്തിൽ ഉപഭോക്താക്കളെ

| | |
|---|---|
| | പങ്കെടുപ്പിച്ചുകൊണ്ട് അദാലത്തുകൾ സംഘടിപ്പിച്ച് പരിഹാരം കാണാറുണ്ട്. |
| (ബി) ലീഗൽ മെട്രോളജി വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ഇലക്ട്രോണിക് വർക്കിംഗ് സ്റ്റാൻഡേർഡ് ബാലൻസുകൾ, ആധുനിക ഇലക്ട്രോണിക് മെഷീനുകൾ എന്നിവ വാങ്ങി ഉപയോഗിച്ച് വരുന്നു. കൂടാതെ പുതുതായി ആഫീസ് കെട്ടിടങ്ങളും ലബോറട്ടറികളും പണികഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ, തൃശ്ശൂർ ജില്ലയിലെ ആഫീസ് പുതിയ മന്ദിരത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (സി) അളവുതൂക്ക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പ്രതിമാസം ശരാശരി എത്ര കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ടെന്ന വിവരം നൽകുമോ ; | (സി) ഒരു മാസം ശരാശരി 295 അളവുതൂക്ക സംബന്ധമായ കേസ്സുകൾ കണ്ടെത്തുന്നു. |
| (ഡി) ഉപഭോക്തൃ ബോധവൽക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (ഡി) ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തി വരുന്നു. ഉപഭോക്തൃ ദിനങ്ങൾ ആചരിക്കുക, സെമിനാറുകൾ, ചർച്ചാ ക്ളാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുക, ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങൾ വ്യക്തമാക്കുന്ന പരസ്യബോർഡുകൾ സ്ഥാപിയ്ക്കുന്നതിനും, ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ച് വിവിധ ചാനലുകളിൽ പ്രദർശിപ്പിയ്ക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു |

വരുന്നു. വളർന്നു വരുന്ന തലമുറയിൽ ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ചും ഉപഭോക്തൃ സംരക്ഷണ നിയമങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് തെരഞ്ഞെടുത്ത 100 സ്കൂളുകളിൽ കൺസ്യൂമർ ക്ളബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

ഉപഭോക്തൃ കാര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലേക്കായി www.consumeraffairskerala.gov.in എന്ന വെബ്സൈറ്റ് നിലവിലുണ്ട്.
ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളിൽ സന്നദ്ധ ഉപഭോക്തൃ സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക, ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ നേരിട്ട് നടത്തുക, ഉപഭോക്താക്കളിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ ഉപഭോക്തൃ ക്ഷേമനിധി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. അതിലൂടെ ഉപഭോക്തൃ ബോധവൽക്കരണം കൂടുതൽ കാര്യക്ഷമമാക്കുവാനും കഴിയുന്നുണ്ട്. ക്ഷേമനിധിയിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ച് ലഘുലേഖകൾ, പാംലെറ്റുകൾ , പോസ്റ്ററുകൾ, എന്നിവ അച്ചടിച്ച് വിതരണം ചെയ്യുകയും ചാനലുകളിൽ ഡോക്യുമെന്ററി പ്രദർശിപ്പിക്കുകയും ചെയ്തു കൊണ്ട് ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നുണ്ട്.

(ഇ) കൺസ്യൂമർ ഫോറങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

(ഇ) ഉണ്ട്. സംസ്ഥാന കമ്മീഷനിലും ജില്ലാ ഫോറങ്ങളിലുമുണ്ടായിരുന്ന പ്രസിഡന്റുമാരുടെയും മെമ്പർമാരുടെയും ഒഴിവുകൾ നികത്തി അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾക്കായി സ്വന്തം കെട്ടിടങ്ങളുടെ നിർമ്മാണം വിവിധ ജില്ലകളിൽ പൂർത്തിയായി വരുന്നു. ആലപ്പുഴ, തൃശ്ശൂർ, വയനാട് എന്നീ ജില്ലാഫോറങ്ങൾ ഇതിനകംതന്നെ പുതിയ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 4

21/12/2010 ൽ മറുപടിക്ക്

**കുറഞ്ഞ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ :<br>ശ്രീ. ബി. രാഘവൻ :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. ബി. ഡി. ദേവസ്സി : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ബി. പി. എൽ. വിഭാഗത്തിനു പുറമെ ഏതെല്ലാം വിഭാഗങ്ങൾക്കാണ് രണ്ട് രൂപാ നിരക്കിൽ അരിയും ഗോതമ്പും നൽകുന്ന തെന്ന് വെളിപ്പെടുത്തുമോ; | (എ) ബി.പി.എൽ/എ.എ.വൈ. വിഭാഗത്തിൽ പെട്ട മുഴുവൻ കാർഡുടമകൾക്കും പുറമെ എ.പി.എൽ. വിഭാഗത്തിൽ പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും അസംഘടിത മേഖലയിലുള്ള കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായനിർമ്മാണം, മൺപാത്ര നിർമ്മാണം എന്നീ വിഭാഗങ്ങളിൽ പെട്ട തൊഴിലാളികൾക്കും ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ളവർക്കും 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നല്കി വരുന്നു. |
| (ബി) എത്ര കുടുംബ ങ്ങൾ ക്കാണ് രണ്ട് രൂപാ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ നൽകുന്നത്; | (ബി) ബി.പി.എൽ. വിഭാഗത്തിൽ പെട്ട 14,60,807 കുടുംബങ്ങളും എ.എ.വൈ. വിഭാഗത്തിൽ പെട്ട 5,89,946 കുടുംബ ങ്ങളും എ.പി.എൽ വിഭാഗത്തിൽ പെട്ട 6,70,173 കുടുംബങ്ങളും ഉൾപ്പെടെ 27,20,926 കുടുംബങ്ങൾക്ക് രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. |
| (സി) പുതുതായി ഏതെല്ലാം വിഭാഗങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) പുതുതായി താഴെപ്പറയുന്ന വിഭാഗങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്:-പരമ്പരാഗത ആഭരണ നിർമ്മാണത്തൊഴിലാളികൾ, ഓട്ടുകമ്പനി ത്തൊഴിലാളികൾ, ഓട്ടോ മൊബൈൽ റിപ്പയറിംഗ് തൊഴിലാളികൾ, സ്കൂൾ ശുചീകരണ - പാചകത്തൊഴിലാളികൾ, ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികൾ, ഓട്ടോ റിക്ഷാ തൊഴിലാളികൾ, ഇ.പി.എഫ്. പെൻഷൻകാർ, നിർമ്മാണ തൊഴിലാളികൾ, കള്ളുചെത്തു തൊഴിലാളികൾ, വികലാംഗർ, പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, |

മോട്ടോർ തൊഴിലാളികൾ, കരകൗശല രംഗത്തെ തൊഴിലാളികൾ, കശുവണ്ടി തോട്ടം തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, സർക്കാരിതര ഖാദി ജീവനക്കാർ, ക്ഷീരകർഷകർ, പെയിന്റിംഗ് തൊഴിലാളികൾ, വൃദ്ധ ജനങ്ങൾ, പേപ്പർ വ്യവസായം (കൈത്തൊഴിൽ), മദ്രസ അദ്ധ്യാപകർ

(ഡി) ഈ വിഭാഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് പ്രതിവർഷം എത്ര കോടി രൂപ ആവശ്യമായി വരും എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രതിവർഷം 454 കോടി രൂപ ഇതിനായി ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) സംസ്ഥാനത്തിന് അർഹമായ റേഷൻ വിഹിതം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വെട്ടിക്കുറച്ച റേഷൻ പുന:സ്ഥാപിക്കാനും കൂടുതൽ റേഷൻ വിഹിതം അനുവദിക്കുന്നതിനുമായി ഭക്ഷ്യമന്ത്രിയുടെ നേതൃത്വത്തിൽ അനേകം നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷിസംഘം കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്തുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹി യിൽ ധർണ്ണ നടത്തുകയും ചെയ്തു. ബഹുമാനപ്പെട്ട കേന്ദ്ര ഭക്ഷ്യസഹമന്ത്രിയുമായി സംസ്ഥാന ഭക്ഷ്യമന്ത്രി ചർച്ച നടത്തുകയും അദ്ദേഹത്തിനു നിവേദനം നല്കുകയും ചെയ്തു. ഇതിന്റെ ഫലമായി റേഷൻ വിഹിതം പൂർണ്ണമായി പുന:സ്ഥാപിച്ചില്ലെങ്കിലും അഡീഷണൽ/ അഡ്ഹോക് അലോട്മെന്റായി ഭക്ഷ്യധാന്യങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5 – 21.12.2010 ൽ മറുപടിക്ക്

## ട്രഷറി വകുപ്പിന്റെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ബഹു; ശ്രീ. സി.എം. ദിനേശ് മണി<br>ബഹു; ശ്രീ. കെ.വി. കുഞ്ഞിരാമൻ | | ബഹു:ധനകാര്യ വകുപ്പ് മന്ത്രി |
| എ) | ട്രഷറി വകുപ്പിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | പൗരാവകാശ രേഖയുടേയും, ട്രഷറി സോഷ്യൽ ഓഡിറ്റിന്റേയും തുടർന്നുള്ള ജൂറി ചെയർമാൻമാരുടെ കോൺഫറൻസിലെ ശുപാർശകളുടേയും അടിസ്ഥാനത്തിൽ ട്രഷറികളിൽ നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനം പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി കോർ ഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം (CFMS) നടപ്പിലാക്കുന്നതാണ്. സംസ്ഥാന ധനകാര്യ വകുപ്പ്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ, ഏജൻസി ബാങ്കുകൾ, അക്കൗണ്ടന്റ് ജനറൽ ഓഫീസ്, മറ്റ് വകുപ്പുകൾ എന്നിവയുമായി ട്രഷറി കമ്പ്യൂട്ടർ സിസ്റ്റം ഇന്റഗ്രേറ്റ് ചെയ്യേണ്ടതായിട്ടുണ്ട്. സി.ബി.എസ്സും, സി.എഫ്.എം.എസ്-ഉം കൂടിച്ചേരുന്ന ഇന്റഗ്രേറ്റഡ് ട്രഷറി മാനേജ്മെന്റ് പ്രോജക്ട് (ITMP) നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| | | ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി (TIDP)<br><br>ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണവും നിലവിലുള്ള കെട്ടിടങ്ങളുടെ പരിഷ്ക്കരണവും ഉപകരണങ്ങളുടെ വിതരണവും ഉൾപ്പെടുന്ന 'നവീന ട്രഷറി 2010' എന്ന പദ്ധതി ആരംഭിച്ചു കഴിഞ്ഞു. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി നടത്തിപ്പിനായി 14.12.2009 ലെ ജി.ഒ (പി)നം. 558/09/Fin സർക്കാർ ഉത്തരവ് പ്രകാരം ഇൻഫ്രാ-സ്ട്രക്ച്ചേഴ്സ് കേരള ലിമിറ്റഡ് (INKEL) നെ ഏൽപ്പിച്ചിട്ടുണ്ട്.<br><br>ട്രെയിനിംഗ്<br><br>ഒരു പൊതുജന സമ്പർക്ക വകുപ്പെന്ന നിലയിൽ ജീവനക്കാരുടെ ട്രെയിനിംഗ് വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഐ.എം.ജിയുമായി ചേർന്ന് State Training Policy യുടെ ഭാഗമായി എല്ലാ ജീവനക്കാർക്കും ഇത് നടപ്പിലാക്കി വരുന്നു. കൂടാതെ സ്പാർക്ക്, ഇൻകം ടാക്സ് ഡിപ്പാർട്ടുമെൻറുമായി ചേർന്ന് റ്റി.ഡി.എസ്, ലോക്കൽ ബോഡികളുടെ പേയ്മെൻറ് എന്നിവ സംബന്ധിച്ചും ട്രെയിനിംഗ് നൽകിയിട്ടുണ്ട് |

| | | |
|---|---|---|
| | | ട്രഷറി സേവിംഗ്സ് ബാങ്ക്<br><br>മുഴുവൻ പെൻഷൻകാരെയും പി.റ്റി.എസ്.ബി യിൽ ചേർത്തു പെൻഷൻ വിതരണം നടത്തുന്ന ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഈ സംവിധാനത്തിനു ശേഷവും മണി ഓർഡർ വഴിയുള്ള പെൻഷൻ നിലനിർത്തിപ്പോരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ഗസറ്റഡ് ഓഫീസർമാരുടെയും ശമ്പളം ട്രഷറി സേവിംഗ്സ് ബാങ്ക് വഴി നൽകാനുള്ള നടപടിയും പൂർത്തിയാക്കി കഴിഞ്ഞു. |
| ബി) | ട്രഷറിയിൽ കോർബാങ്കിംഗ് സമ്പ്രദായം കൊണ്ടുവരുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ? | നടപടികൾ പുരോഗമിച്ചു വരുന്നു |

| | | |
|---|---|---|
| സി) | ശമ്പളവും പെൻഷനും എ.ടി.എം കാർഡ് മുഖേന ലഭ്യമാക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ? | ഇതു സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു |
| ഡി) | ട്രഷറികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | പൗരാവകാശ രേഖയുടേയും, ട്രഷറി സോഷ്യൽ ഓഡിറ്റിന്റേയും തുടർന്നുള്ള ജ്യൂറി ചെയർമാൻമാരുടെ കോൺഫറൻസിലെ ശുപാർശകളുടേയും അടിസ്ഥാനത്തിൽ ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനം (TIDP) സർക്കാർ മുന്തിയ പരിഗണന നൽകുന്ന ഒരു പദ്ധതിയാണ്. ഇതിന്റെ വിശദാംശങ്ങൾ ഉത്തരം (എ) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ട്രഷറികളുടെ നിക്ഷേപ സമാഹരണം നടത്തുന്നതിന് ആകർഷകമായ പദ്ധതികൾ ആവിഷ്കരിക്കുമോ? | മെച്ചപ്പെട്ട പലിശ നിരക്ക്, 55 വയസ്സ് പൂർത്തിയാകുന്നവരെ മുതിർന്ന പൗരനായി കണക്കാക്കി അര ശതമാനം അധികം പലിശ, പലിശ പ്രതിമാസം ലഭിക്കുന്നതിനുള്ള സൗകര്യം, ആവശ്യാനുസരണം പണം പിൻവലിക്കുന്നതിനുള്ള സൗകര്യം, മെച്ചപ്പെട്ട സേവനം എന്നിവ ഉറപ്പു നൽകുന്നു. |

Sd/-
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 6

21.12.2010 ൽ മറുപടിയ്ക്ക്

കൊച്ചിയിലെ നിർദ്ദിഷ്ട സ്മാർട്ട്സിറ്റി പദ്ധതി

ചോദ്യം

ശ്രീ. കെ.സി. ജോസഫ് ;

ശ്രീ. ജോർജ് മേഴ്സിയർ ;

ശ്രീ. കെ. ബാബു ;

ശ്രീ. ടി.എൻ. പ്രതാപൻ ;

എ) കൊച്ചിയിലെ നിർദ്ദിഷ്ട സ്മാർട്ട്സിറ്റി പദ്ധതി ഈ സർക്കാരിന്റെ കാലാവധി അവസാനിക്കും മുമ്പ് യാഥാർത്ഥ്യമാക്കാൻ ആകുമോ എന്ന് വെളിപ്പെടുത്തുമോ ;

ബി) ഈ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ;

ഉത്തരം

ശ്രീ. വി.എസ്. അച്യുതാനന്ദൻ

(മുഖ്യമന്ത്രി)

എ) യാഥാർത്ഥ്യമാക്കാനുള്ള പരിശ്രമംനടത്തി വരുന്നു.

ബി) സ്മാർട്ട്സിറ്റിയുമായി ഒപ്പുവച്ച പാട്ടക്കരാറുകൾ ഇന്ത്യൻ രജിസ്ട്രേഷൻ ആക്ട് പ്രകാരം അസാധുവായതിനാൽ പുതിയ പാട്ടക്കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ നടന്നുവന്ന സന്ദർഭത്തിൽ സ്മാർട്ട്സിറ്റി ടീകോം പ്രതിനിധികൾ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ **Clause 5.4** സംബന്ധിച്ച് ചില വിശദീകരണം ഉന്നയിക്കുകയുണ്ടായി. പഴയ പാട്ടക്കരാറിൽ ഇല്ലാതിരുന്ന ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറയുന്ന ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥ പുതിയ പാട്ടക്കരാറിൽ ഉൾപ്പെടുത്തണമെന്ന് ടീകോം ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാർ ഫ്രെയിംവർക്ക് എഗ്രിമെന്റിൽ പറഞ്ഞിരിക്കുന്ന **Clause 5.4** മാനിക്കുമെന്ന് പല പ്രാവശ്യം ടീകോമിനെ അറിയിച്ചിട്ടും അവർക്ക് തൃപ്തികരമല്ലാത്തതുകൊണ്ട് ഇക്കാര്യം പരിഹരിക്കുന്നതിനായി അവരുമായി പലവട്ടം ചർച്ചകൾ നടത്തുകയുണ്ടായെങ്കിലും ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടില്ല. തുടർന്ന് പല പ്രാവശ്യം ശ്രമിച്ചിട്ടും പദ്ധതി ആരംഭിക്കുന്നതിനായി അവർ സ്വീകരിക്കേണ്ട നടപടികളൊന്നും കൈക്കൊള്ളാതിരുന്നതിനാൽ അതു സംബന്ധിച്ച് അവർക്ക് 3.9.2010 ൽ അന്തിമ നോട്ടീസ് അയയ്ക്കുകയും അതിന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ 2.12.2010 ൽ വീണ്ടും നോട്ടീസ് കൊടുക്കുകയും 10 ദിവസത്തിനകം മറുപടി നൽകാൻ ആവശ്യപ്പെടുകയും ചെയ്തെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

ടീകോമുമായി ചർച്ച തുടരാൻ **NORKA** വൈസ് ചെയർമാനെ ചുമതലപ്പെടുത്തിയിട്ടുണ്ട്

| | |
|---|---|
| സി) 90,000 പേർക്ക് തൊഴിൽ നല്കാൻ വിഭാവന ചെയ്തിരുന്ന ഈ പദ്ധതിക്ക് പകരമായി മറ്റെന്ത് പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | (സി) യും (ഡി) യും (ഇ) യും |
| ഡി) ഈ സർക്കാരിന്റെ കാലാവധി അവസാനിക്കും മുമ്പ് അത്തരം ബദൽ പദ്ധതി നടപ്പിലാക്കാൻ കഴിയും എന്ന് കരുതുന്നുണ്ടോ ; | സ്മാർട്ട്സിറ്റിക്ക് പകരം സർക്കാർ പുതിയ സംരംഭങ്ങൾ ആലോചിച്ചിട്ടില്ല. എന്നാൽ കൊച്ചി ഇൻഫോപാർക്കിന്റെ ഒന്നും രണ്ടും ഘട്ട വികസനങ്ങൾ പൂർത്തിയാകുമ്പോൾ ഏകദേശം 1,10,000 ത്തിൽപരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഇ) എങ്കിൽ അതിനായി സർക്കാർ അംഗീകരിച്ചിട്ടുള്ള സമയക്രമീകരണം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ? | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 7

21.12.10-ൽ
മറുപടിക്ക്

## റേഷൻ വിതരണത്തെക്കുറിച്ചുള്ള പരാതികൾ

ചോദ്യം

ശ്രീമതി. ഇ.എസ്. ബിജി മോൾ:
ശ്രീ. എൻ. രാജൻ:
ശ്രീ. ബാബു പോൾ:
ശ്രീ. കെ. അജിത:

ഉത്തരം

ശ്രീ. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി)

(എ) റേഷൻ വിതരണത്തെക്കുറിച്ചുള്ള പരാതികൾ യഥാ സമയം പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളുണ്ട്: എത്ര ഓപ്പൺ ഫോറങ്ങൾനടത്തി: ഇതിലൂടെഎത്ര പരാതികൾക്കു തീർപ്പു കൽപ്പിച്ചുവെന്ന് വ്യക്തമാക്കുമോ ;

(എ) റേഷൻ വിതരണം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് വിപുലമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സിവിൽ സപ്ലൈസ് ഹെൽപ്പ് ലൈനിൽ (1800 425 1550) ലഭിക്കുന്ന പരാതികൾ ഉടൻ തീർപ്പാക്കാനായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓൺ ലൈൻ ആയി ലഭിക്കുന്ന പരാതികൾ ഉടൻ തന്നെ ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർ/ താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് അയച്ചു കൊടുക്കുകയും സമയബന്ധിതമായി പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നു. ജില്ലാതലത്തിൽ ചേരുന്ന ഓപ്പൺ ഫോറത്തിലും റേഷൻ അദാലത്തിലും ലഭിക്കുന്ന പരാതികൾ തത്സമയം തന്നെ തീർപ്പാക്കുന്നു. ഓപ്പൺ ഫോറത്തിൽ ലഭിച്ച 142 പരാതികൾ ഉടൻ തന്നെ പരിഹരിച്ചിട്ടുണ്ട്. താലൂക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും സംഘടിപ്പിച്ചിട്ടുള്ള ഭക്ഷ്യ ഉപദേശക വിജിലൻസ് സമിതി

യിലും പരാതി പരിഹാരത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഏതു ഉദ്യോഗസ്ഥന്റെ മുമ്പാകെയും പരാതി സമർപ്പിയ്ക്കാവുന്നതും പരിഹാരം തേടാവുന്നതുമാണ്.

(ബി) ഗുണനിലവാരമുള്ള ഭക്ഷ്യ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും കാർഡുടമകൾക്കു ലഭ്യമാക്കാൻ ഏർപ്പെടുത്തിയ സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും സിവിൽ സപ്ലൈസ് വകുപ്പ് ചെയ്തിട്ടുണ്ട്. എഫ്.സി.ഐ യുടെ ഗോഡൗണുകളിൽ സൂക്ഷിച്ചിട്ടുള്ള അരി, ഗോതമ്പ് എന്നിവയുടെ ഗുണനിലവാരം അതാത് ജില്ലാ സപ്ലൈ ആഫീസർമാർ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനു ശേഷം മാത്രമേ മൊത്തവ്യാപാരികൾക്ക് നൽകാവൂ എന്ന് നിഷ്കർഷിക്കുകയും അപ്രകാരം ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കി വരികയും ചെയ്യുന്നു. ഏതെങ്കിലും കാരണവശാൽ ഗുണമേന്മ കുറഞ്ഞ സ്റ്റോക്ക് ലഭ്യമായ തായി കണ്ടാൽ ആയത് വിതരണം ചെയ്യാതെ മാറ്റിവയ്ക്കാനും എഫ്.സി.ഐക്ക് മടക്കിക്കൊടുത്ത് നല്ല സ്റ്റോക്ക് വാങ്ങാനും നിർദ്ദേശമുണ്ട്. എഫ്സിഐ. യിൽ നിന്നും കുത്തരി വിതരണം ചെയ്യുന്ന മില്ലുകളിൽ നിന്നും സീൽ ചെയ്ത സാമ്പിളുകൾ നൽകാനും ആയത് റേഷൻ മൊത്തവ്യാപാര കേന്ദ്രങ്ങളിലും അവിടെ നിന്നും നൽകുന്ന സാമ്പിളുകൾ ചില്ലറമൊത്ത വ്യാപാരകേന്ദ്രങ്ങളിലും പ്രദർശിപ്പിക്കാനും നിർദ്ദേശം നൽകു

കയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു. ഭക്ഷ്യ ധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ലീഗൽ മേട്രോളജി വകുപ്പ് മിന്നൽ പരിശോധന നടത്താറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധ നകളിൽ, റേഷൻ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച 2291 കേസുകൾ കണ്ടെത്തി, കുറ്റ ക്കാരിൽ നിന്നും, 29,53,450/- രൂപ പിഴ ഈടാക്കുകയും ചെയ്തി ട്ടുണ്ട്.

(സി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം അരി, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ വിതരണത്തിൽ എത്ര ക്രമക്കേടുകൾ കണ്ടെത്തി; പ്രസ്തുത ക്രമക്കേടുകൾ നടത്തി യവർക്കതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 6/10 വരെ സംസ്ഥാനമൊട്ടാകെ പൊതു വിതരണ കേന്ദ്രങ്ങളിൽ 597372 പരിശോധനകൾ നടത്തുകയും കമക്കേട് കണ്ടെത്തിയതിനെ ത്തുടർന്ന് 62 ഭക്ഷ്യ ധാന്യ മൊത്ത വ്യാപാരികളെയും 59 മണ്ണെണ്ണ മൊത്തവ്യാപാരി കളെയും 803 റേഷൻ കട കളെയും സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അവയിൽ 1 എഡബ്ല്യുഡി യും 2 കെഡബ്ല്യുഡി യും 40 എആർഡി കളെയും ക്യാൻസൽ ചെയ്തിട്ടുണ്ട്.

Daly Joseph

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 8

21.12.2010 ൽ
മറുപടിയ്ക്ക്

## നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് സിവിൽ സപ്ളൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ

ചോദ്യം
ശ്രീ. എം. ചന്ദ്രൻ ;
ശ്രീ. സി.കെ.സദാശിവൻ ;
ശ്രീ. മുരളി പെരുനെല്ലി ;
ശ്രീ. വി.എൻ. വാസവൻ ;

ഉത്തരം
ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തെ നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് സിവിൽ സപ്ളൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) സിവിൽ സപ്ളൈസ് കോർപ്പറേഷൻ 2005 വർഷം മുതൽ നടപ്പിലാക്കി വരുന്ന വികേന്ദ്രീകൃത നെല്ല് സംഭരണ സംസ്ക്കരണ വിപണന പദ്ധതി കാര്യക്ഷമമാക്കുന്നതിന് വിപുലമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. സംഭരിച്ച നെല്ല് സംസ്ക്കരിച്ച് അരിയാക്കി പൊതുവിതരണത്തിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. അതുവഴി സംസ്ഥാനത്തെ ഏഴു ജില്ലകളിലുള്ള (ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്) റേഷൻ കാർഡുടമകൾക്ക് ഗുണമേന്മയും പോഷക ഗുണവുമുള്ള നാടൻ കുത്തരി നല്കി വരുന്നു. ഈ പദ്ധതി പ്രകാരം നെല്ല് നല്കുവാൻ ഉദ്ദേശിക്കുന്ന കർഷകർ സിവിൽ സപ്ളൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇതിനായുള്ള അപേക്ഷാ ഫോറം കൃഷി ഓഫീസുകളിൽ നിന്നും നൽകുകയും, പൂരിപ്പിച്ച അപേക്ഷകൾ കൃഷി ഓഫീസുകളിൽ തന്നെ സ്വീകരിക്കുകയും ചെയ്യാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്ക് എന്നിവിടങ്ങളിൽ നിന്നുമാണ് നെല്ല് സംഭരിക്കുന്നത്. ഇതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ഏർപ്പാടാക്കിയിട്ടുണ്ട്. സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണം, സംസ്ക്കരണം, വിപണനം, കർഷകർക്ക് വില നൽകുന്നത് എന്നീ എല്ലാ ഘട്ടങ്ങളും വെബ്സൈറ്റിൽ കൂടിയുള്ള സോഫ്റ്റ്വെയർ മുഖേന നടത്തി വരുന്നു. ഇത്തരത്തിലുള്ള സംവിധാനം നിലവിൽ കേരളത്തിൽ മാത്രമേയുള്ളൂ. കൃഷി വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 14 പാഡി മാർക്കറ്റിംഗ് ഓഫീസർമാർ സംഭരണത്തിന്റെ മേൽനോട്ടം വഹിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | നെല്ല് നൽകുന്നതിനായി എത്ര കർഷകർ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (ബി) | 2010-11 ഒന്നാം സീസണിൽ ഏകദേശം 26000 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടാം സീസണിലെ രജിസ്ട്രേഷൻ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (സി) | ഈ വർഷത്തെ സംഭരണലക്ഷ്യം എത്രയാണ് ; ഇതിനകം എത്ര ടൺ നെല്ല് സംഭരിച്ചിട്ടുണ്ട് ; | (സി) | 2010-11 സീസണിൽ 425000 ടൺ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ ഡിസംബറിൽ അവസാനിച്ച ആദ്യ സീസണിൽ ലക്ഷ്യമിട്ടത് 125000 ടൺ നെല്ല് ആയിരുന്നു. ഇതിൽ 93150 ടൺ നെല്ല് ഇത് വരെ സംഭരിച്ചിട്ടുണ്ട്. രണ്ടാം സീസണിൽ 300000 ടൺ നെല്ല് സംഭരിക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| (ഡി) | നെല്ലിന്റെ സംഭരണ വില എത്രയാണ്; ഈ സർക്കാർ സംഭരണ വിലയിൽ എത്രമാത്രം വർദ്ധനവ് വരുത്തിയിട്ടുണ്ട്; | (ഡി) | സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച താങ്ങുവിലയായ കി.ഗ്രാമിന് 13 രൂപ നിരക്കിലാണ് സപ്ലൈകോ നെല്ല് സംഭരിച്ചു കൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാർ കി.ഗ്രാമിന് 10 രൂപയാണ് അനുവദിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നെല്ലിന്റെ സംഭരണ വില 7.07 രൂപ ആയിരുന്നു. 6 രൂപയോളം വർദ്ധനവാണ് ഈ കാലയളവിൽ വരുത്തിയത്. |
| (ഇ) | കർഷകർക്ക് നെല്ലിന്റെ വില കാലതാമസമില്ലാതെ ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ? | (ഇ) | കർഷകർക്ക് കാലതാമസം കൂടാതെ നെല്ലിന്റെ വില അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നു. നിലവിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും സബ്സിഡി തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. എന്നാൽ നെല്ലിന്റെ വില കാലതാമസമില്ലാതെ നൽകുന്നതിനായി ബാങ്കുകളുമായി 250 കോടി രൂപയുടെ ലോൺ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ കാലതാമസം പരമാവധി ഒഴിവാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യംനം. 9

21.12.2010 ൽ
മറുപടിയ്ക്ക്

## കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. എൻ.അനിരുദ്ധൻ<br>ശ്രീ.വി.എസ്. സുനിൽ കുമാർ<br>ശ്രീ. കെ.രാജു. | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യ മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം വിപുലപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉദ്യോഗ നിയമനങ്ങളിൽ പബ്ളിക് സർവ്വീസ് കമ്മീഷന് ഇപ്പോഴുള്ള ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) | സർക്കാർ സർവ്വീസിലേയ്ക്കും, തെരഞ്ഞെടുപ്പ് ചുമതല പി.എസ്.സിയ്ക്ക് നൽകിയിട്ടുള്ള വിവിധകമ്പനി/ കോർപ്പറേഷൻ/ബോർഡുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, അപ്പെക്സ് സൊസൈറ്റികൾ തുടങ്ങിയവയിലേയ്ക്കും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്ത് നിയമനത്തിനായി ശിപാർശ ചെയ്യുകയും സർവ്വീസ് കാര്യങ്ങളിലും അച്ചടക്ക നടപടികളിലും, നിയമനച്ചട്ടങ്ങൾ രൂപീകരിക്കുന്നതിനും സർക്കാരിന് വേണ്ട ഉപദേശം നല്കുകയും, ഉദ്യോഗസ്ഥർക്ക് വകുപ്പുതല പരീക്ഷ നടത്തുകയും, ഡി.പി.സി കൂടി ഉദ്യോഗസ്ഥരെ പ്രൊമോട്ടു ചെയ്യുന്നതിന് വേണ്ട ഉപദേശം നല്കുകയുമാണ് പ്രധാന ചുമതലകളായി പി.എസ്.സി. നിർവ്വഹിച്ചുവരുന്നത്. അതിനുശേഷം ജോയിനിംഗ് ഡ്യൂട്ടി റിപ്പോർട്ട്/ നോൺ ജോയിനിംഗ് ഡ്യൂട്ടി റിപ്പോർട്ട് പരിശോധിച്ച് അനന്തര നടപടികളും കൈക്കൊള്ളുന്നുമുണ്ട്. |
| (സി) | അഡ്വൈസ് മെമ്മോ നൽകിയതിനു ശേഷമുള്ള നിയമന കാര്യങ്ങളിൽ കമ്മീഷന് എന്തെങ്കിലും | (സി) | പി.എസ്.സി. മുഖേന തെരഞ്ഞെടുക്കപ്പെട്ട ഒരു ഉദ്യോഗാർത്ഥിക്ക് റിപ്പോർട്ടു ചെയ്യുന്ന ഒഴിവിന്റെ അടിസ്ഥാനത്തിൽ നിയമന ശിപാർശ നല്കുകയും ടി തിയതി മുതൽ 3 |

ചുമതല ഇപ്പോഴുണ്ടോ; ഇല്ലെങ്കിൽ അത്തരം കാര്യങ്ങൾകൂടി പി.എസ്.സി. യുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

മാസത്തിനകം നിയമന ഉത്തരവ് ലഭിച്ചിട്ടില്ലെന്ന് ഉദ്യോഗാർത്ഥി പരാതിപ്പെട്ടാൽ അക്കാര്യം നിയമനാധികാരിയുടെ ശ്രദ്ധയിൽപെടുത്തുകയും ചെയ്യുന്നുണ്ട്.

പി.എസ്.സി. നിയമനോപദേശം നല്കിയ ശേഷം അവയിൽ തിരുത്തൽ വരുത്തിയും, വ്യാജ നിയമനോപദേശം തയ്യാറാക്കി നിയമിക്കുന്നത് കണ്ടെത്തുന്നതിനും ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പി.എസ്.സി.വഴിയല്ലാതെ നടത്തുന്ന നിയമനങ്ങളും (താല്ക്കാലിക നിയമനങ്ങളടക്കം ) വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ ചട്ടപ്രകാരം തന്നെയാണ് നടത്തിയതെന്ന് ഉറപ്പ് വരുത്തുന്നതിനായി വാർഷികാടിസ്ഥാനത്തിൽ നിയമന ഓഡിറ്റ് നടത്തണമെന്ന പി.എസ്.സിയുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. കൂടാതെ ഭാവിയിൽ ഉണ്ടാകുന്ന എല്ലാ പി.എസ്.സി.. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷനു പുറമേ പി.എസ്.സി.-യുടെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനു ശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 10      21.12.2010-ൽ മറുപടിക്ക്

## പ്രവാസി കേരളീയ കാര്യ വകുപ്പിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ടി. ജലീൽ :<br>ശ്രീ. കെ. വി അബ്ദുൾ ഖാദർ :<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ. ബാബു. എം. പാലിശ്ശേരി : | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>( മുഖ്യമന്ത്രി) |
| (എ) പ്രവാസി കേരളീയ കാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) പ്രവാസി കാര്യ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെഭാഗമായി, പ്രവാസി മലയാളികളുടെ ക്ഷേമത്തെ മുൻനിർത്തിയുള്ള പദ്ധതികളായ സാന്ത്വന, കാരുണ്യം, പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, പ്രവാസി തിരിച്ചറിയൽ കാർഡ്, പ്രവാസി ക്ഷേമനിധി ബോർഡ്, ഹെറിറ്റേജ് വില്ലേജ്, എന്നിവ പ്രവാസി കാര്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. തലസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പ്രവാസി ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള വിവിധ ഓഫീസുകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ഉദ്ദേശത്തോടെ തിരുവനന്തപുരത്ത് നിർമ്മാണമാരംഭിച്ച നോർക്ക സെന്ററിന്റെ പണി പൂർത്തിയായി വരുന്നു. |
| (ബി) വിദേശങ്ങളിലും കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്തും താമസിക്കുന്ന മലയാളികളെപ്പറ്റിയുള്ള വിവര ശേഖരണത്തിനായി ആവിഷ്കരിച്ച പദ്ധതിയുടെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) വിദേശങ്ങളിലും കേരളത്തിന് പുറത്ത് ഇന്ത്യയ്ക്കകത്തുമുള്ള മലയാളികളെ സംബന്ധിക്കുന്ന വിവരശേഖരണത്തിനായുള്ള പഠനം നടത്തുവാൻ സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിനെ ചുമതലപ്പെടുത്തിയതനുസരിച്ച്, പ്രസ്തുത സ്ഥാപനം കേരള മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി 2008 എന്ന പേരിൽ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്തിമ വിശകലനത്തിനായി പ്രവാസികളെ സംബന്ധിച്ച 2009 -2010 വർഷത്തെ സ്ഥിതിവിവരകണക്കു ശേഖരണവും പ്രസ്തുത സ്ഥാപനം നടത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആഗോള സാമ്പത്തിക മാന്ദ്യംമൂലം ജോലി നഷ്ട പ്പെട്ട് മടങ്ങിയെത്തിയ കേരളീയരെ സഹായി ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാ ക്കുമോ; | (സി) | 2008-09 കാലഘട്ടത്തിൽ നിലനിന്ന ആഗോളസാമ്പത്തികമാന്ദ്യം പ്രവാസി മലയാളികളുടെ തൊഴിലി നെയും അതുവഴി കേരള സമ്പത്ത് വ്യവസ്ഥയെയും എത്രമാത്രം പ്രതികൂലമായി ബാധിച്ചു എന്നതിനെ സംബന്ധിച്ചുള്ള ഒരു പഠനം നടത്തുന്നതിന് സെൻ്റർ ഫോർ ഡവലപ്മെൻ്റ് സ്റ്റഡീസിനെ ചുമതലപ്പെടുത്തിയിരുന്നു. അവരുടെ പഠനറിപ്പോർട്ടനുസരിച്ച് സാമ്പത്തികമാന്ദ്യം മൂലം പ്രവാസി മലയാളികളുടെ വൻതോതിലുള്ള തിരിച്ചുവരവ് ഉണ്ടായിട്ടില്ല എന്നാണ് കണ്ടെത്തിയിരിക്കുന്നത്. എന്നിരുന്നാലും 2 വർഷത്തിൽ താഴെമാത്രം പ്രവാസജീവിതം നയിച്ച് മടങ്ങേണ്ടിവന്നവരായ പ്രവാസികൾക്കായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാരിൻ്റെ പരിഗണനയിലാണ്. |
| (ഡി) | പ്രവാസി കേരളീയ ക്ഷേമനിധിയുടെ പ്രവർത്തനം വിലയി രുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | പ്രവാസി ക്ഷേമ ബോർഡിൻ്റെ പ്രവർത്തന പുരോഗതി അതാതു കാലങ്ങളിൽ കൂടുന്ന ക്ഷേമനിധി ബോർഡ് യോഗം വിലയിരുത്തുന്നുണ്ട്. ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി സർക്കാർ തലത്തിൽ വിലയിരുത്തുന്നതിനു വേണ്ടി ഇതു സംബന്ധിച്ച റിപ്പോർട്ട് കാലാകാലങ്ങളിൽ സർക്കാരിന് നൽകുന്നുണ്ട്. കൂടാതെ പ്രവാസി ക്ഷേമ പദ്ധതി, ക്ഷേമനിധി, നിധിയിൽ നിന്നുള്ള പെൻഷൻ ഉൾപ്പെടെയുള്ള മറ്റു സഹായങ്ങൾ എന്നിവയുടെ വിജയകരമായ നടത്തിപ്പ് അവലോകനം ചെയ്യുന്ന തിനും, ഇതുവരെയുള്ള പ്രതിക രണത്തിൻ്റെ വെളിച്ചത്തിൽ കാലാ നുസൃതമായി വരുത്തേണ്ട മാറ്റങ്ങൾ കണ്ടുപിടിക്കുന്നതിനു മായി പദ്ധതിയെക്കുറിച്ച് ഒരു പൂർണ്ണപഠനം നടത്താൻ തിരുമാനിച്ചു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യംനം. 11

21.12.2010 ൽ
മറുപടിയ്ക്ക്

## പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.ഹംസ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.മുരളി പെരുനെല്ലി. | | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യ മന്ത്രി) | |
| (എ) | പബ്ളിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം സുതാര്യവും കുറ്റമറ്റതും കാര്യക്ഷമവുമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | അനുബന്ധം-1 ചേർത്തിരിക്കുന്നു. |
| (ബി) | വിവിധ തസ്തികകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ തന്നെ പരീക്ഷാ തീയതിയും പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) | ഉണ്ട്. പരീക്ഷ കഴിഞ്ഞാലുടൻ തന്നെ ഉദ്യോഗാർത്ഥികളിൽ നിന്നും വിദഗ്ദ്ധരിൽ നിന്നും ലഭിക്കുന്ന ആക്ഷേപാഭിപ്രായങ്ങൾ പരിശോധിക്കുകയും ആവശ്യമെങ്കിൽ വിഷയ വിദഗ്ദ്ധൻമാർക്ക് അയച്ചുകൊടുത്ത് ഉത്തരങ്ങൾ ശരിയാക്കി അന്തിമ ഉത്തര സൂചിക പ്രസിദ്ധീകരിച്ച ശേഷമാണ് മൂല്യനിർണ്ണയം നടത്തുന്നത് |
| (ഡി) | ഒരേ വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുള്ള തസ്തികകളിലേയ്ക്ക് ഒരുമിച്ച് പരീക്ഷ നടത്തി പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. ഒരേ വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുള്ള തസ്തികകളിലേയ്ക്ക് ഒരു പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടി ഇപ്പോൾ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| ( ഇ) | ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള പി.എസ്.സി. നടപടികൾ നവീകരിക്കുന്നതിന്റെ ഭാഗമായി പുതുതായി എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ? | ( ഇ) | അനുബന്ധം -2-ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 12 　　　　21.12.10ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ വികസനത്തിനായി എസ്.ബി.ടി യുടെ നേതൃത്വത്തിൽ കൺസോർഷ്യം

**ചോദ്യം**

ശ്രീ.ജോർജ് മേഴ്സിയർ

ശ്രീ.എം.എ.വാഹിദ്

**മറുപടി**

ശ്രീ. വി.സുരേന്ദ്രൻ പിള്ള

( യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖ വികസനത്തിനായി എസ്.ബി.റ്റി. യുടെ നേതൃത്വത്തിൽ ഒരു കൺസോർഷ്യം രൂപീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | എ | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിനുള്ള തുക സമാഹരിക്കുന്നതിന് എസ്.ബി.റ്റി. യുടെ നേതൃത്വത്തിൽ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ബാങ്കുകളുടെ പ്രതിനിധികളുമായി ചർച്ച നടന്നു വരുന്നു. |
| ബി | ഈ കൺസോർഷ്യത്തിൽ മറ്റേതൊക്കെ ബാങ്കിംഗ് സ്ഥാപനങ്ങൾ പങ്കാളികളാകുമെന്നാണ് അറിയിച്ചിട്ടുള്ളത് ; | ബി | എസ്.ബി.റ്റി. യുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന കൺസോർഷ്യത്തിൽ ചേരുന്നതിന് Punjab National Bank, Bank of Baroda, Canara Bank, Allahabad Bank, Karnataka Bank, Central Bank of India, തുടങ്ങിയ ബാങ്കുകളും Hudco തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളും എഴുതി നൽകിക്കൊണ്ട് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. |
| സി | എത്ര കോടി രൂപയുടെ വായ്പയാണ് ഈ കൺസോർഷ്യത്തിലൂടെ സമാഹരിക്കാൻ ലക്ഷ്യമിടുന്നത് ; | സി | 2500 കോടി രൂപവരെ സമാഹരിക്കുന്നതിനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. |
| ഡി | തുറമുഖ നിർമ്മാണത്തിനായി എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്; | ഡി | 2010 ഷെഡ്യൂൾ പ്രകാരം ഒന്നാം ഘട്ടം തുറമുഖ നിർമ്മാണം പൂർത്തിയാക്കാൻ ഏകദേശം 2600 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| ഇ | ടെർമിനലിന്റെ നിർമ്മാണത്തിന് എന്തു തുകയാണ് വേണ്ടത്; | ഇ | 2010 ഷെഡ്യൂൾ പ്രകാരം ടെർമിനലിന്റെ നിർമ്മാണത്തിന് 967 കോടി രൂപ; വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുണ്ട്. |
| എഫ് | തുറമുഖ നിർമ്മാണത്തിനും ടെർമിനലിനുമായി ആകെ എത്ര സ്ഥലമാണ് വേണ്ടത്; | എഫ്. | തുറമുഖ നിർമ്മാണത്തിനും ടെർമിനലിനുമായി 226 ഹെക്ടർ ഭൂമി വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| ജി | ഇതിൽ കടൽ നികത്തി എത്ര സ്ഥലം ലഭ്യമാക്കാമെന്നാണ് കണക്കാക്കിയിരിക്കുന്നത്; | ജി | ഇതിൽ കടൽ നികത്തി 106 ഹെക്ടർ ഭൂമി ലഭ്യമാക്കണം എന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| എച്ച് | ഇതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ ? | എച്ച് | 2010 ഒക്ടോബറിൽത്തന്നെ ഇതിനാവശ്യമായ അനുമതിയ്ക്ക് വേണ്ടി കേന്ദ്ര ഗവൺമെന്റിന് എഴുതിയിട്ടുണ്ട്. CRZ (Coastal Regulation Zone) ക്ലിയറൻസ് യഥാസമയം ലഭിക്കുന്നതിന് ആവശ്യമായ സംസ്ഥാന സർക്കാരിന്റെ അപേക്ഷയും കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 13 — 21.12.2010-ൽ മറുപടിയ്ക്ക്

## ''എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് പഠിക്കാൻ പുതിയ കേന്ദ്ര സംഘം ''

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.എം.മുരളി:<br>ശ്രീ.വി.ഡി.സതീശൻ: | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരന്തത്തെക്കുറിച്ച് പഠിക്കാൻ പുതിയ കേന്ദ്ര സംഘത്തെ നിയമിച്ചിട്ടുള്ളതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;<br><br>ബി) എങ്കിൽ പ്രസ്തുത സംഘത്തിൽ കേരളത്തിൽ നിന്നുമുള്ള പ്രതിനിധി വേണമെന്ന ആവശ്യം ഉന്നയിച്ചിരുന്നുവോ;<br><br>സി) കേന്ദ്ര സംഘം പുതുതായി എന്തൊക്കെ പഠനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്;<br><br>ഡി) പുതിയ പഠനസംഘത്തെ നിയമിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ? | എ, ബി,സി,ഡി)<br>രാജ്യത്തൊട്ടാകെ എൻഡോസൾഫാന്റെ ഉൽപാദനവും, വിപണനവും, ഉപയോഗവും സ്ഥിരമായി നിരോധിക്കണമെന്നും, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികൾക്കായി കേന്ദ്ര ധനസഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള സംസ്ഥാന കൃഷിമന്ത്രിയുടെ കത്തിനുള്ള കേന്ദ്ര കൃഷി മന്ത്രിയുടെ മറുപടിയിൽ ഒരു പഠന സമിതി രൂപീകരിച്ചിട്ടുണ്ട് എന്നറിയിച്ചിരുന്നു. ഇതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് കേന്ദ്ര മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ഒരു പുനരധിവാസ പാക്കേജാണാവശ്യമെന്നും, പുതിയൊരു സമിതിയുടെ രൂപീകരണം ആവശ്യമില്ലെന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 14 21.12.2010 - ൽ മറുപടിക്ക്

<u>കൊച്ചി മെട്രോറെയിൽ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോറെയിൽ പദ്ധതി എന്നാണ് വിഭാവനം ചെയ്തത്; ആയതിന്റെ പുരോഗതി വെളിപ്പെടുത്തുമോ ; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതി വിഭാവനം ചെയ്തത് 2004-ൽ ആണ്. പ്രസ്തുത പദ്ധതിയുടെ സാധ്യതാ പഠനം നടത്തി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തി. അവർ സമർപ്പിച്ച ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) സർക്കാർ അംഗീകരിക്കുകയും തത്വാധിഷ്ഠിത അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി ഡി.എം.ആർ.സി. മാതൃകയിൽ പദ്ധതി നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. തത്വാധിഷ്ഠിത അംഗീകാരം ലഭ്യമായിട്ടില്ലെങ്കിലും, പ്രസ്തുത പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 158.68 കോടി രൂപയാണ് ഇതിനുവേണ്ടി വരുന്ന ചെലവ്. പ്രാരംഭ പ്രവർത്തനങ്ങളുടെയും കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെയും സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് മതിപ്പ് | (ബി) | ഡി.എം.ആർ.സി സമർപ്പിച്ച പുതുക്കിയ നിർദ്ദേശമനു |

| | | | |
|---|---|---|---|
| | ചെലവ് എത്ര വരും ; ആയത് എപ്രകാരം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; | | സരിച്ച് 4427 കോടി രൂപ പദ്ധതിയുടെ മതിപ്പ് ചെലവായി 2009-ൽ നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക പങ്കാളിത്ത ത്തോടെയും JICA ലോൺ മുഖാന്തിരവും തുക സമാഹരിക്കാനാണ് ഉദ്ദേശി ക്കുന്നത്. |
| (സി) | കൊച്ചി മെട്രോ യാഥാർത്ഥ്യമാക്കാൻ സർക്കാർ ഊർജ്ജിത നടപടി സ്വീകരിക്കുമോ ? | (സി) | കൊച്ചി മെട്രോ റെയിൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ ഊർജ്ജിത നടപടികളാണ് സർക്കാർ കൈക്കൊള്ളു ന്നത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ഇതുവരെ ലഭിക്കാത്തതാണ് മുഖ്യ പ്രതിബന്ധം. ആയതിനാൽ മുഖ്യമന്ത്രിയുടെ നേതൃത്വ ത്തിൽ നിരന്തരമായി കേന്ദ്ര സർക്കാരുമായി അംഗീകാര ത്തിനായി ബന്ധപ്പെട്ടു വരുന്നു. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## പന്ത്രണ്ടാം നിയമസഭ

പതിനാറാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 15 *
21.12.2010 ൽ മറുപടിയ്ക്ക്

## ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 15 *

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.ആർ.സെൽവരാജ് | ബഹു. ധനകാര്യ വകുപ്പുമന്ത്രി<br>ഡോ.തോമസ് ഐസക് |
| ചോദ്യം | ഉത്തരം |
| എ) ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പ് പുനഃസംഘടനയ്ക്കും പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതിനും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ (ഐ.സി.എ.ഐ) എന്ന സ്ഥാപനത്തെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി) നം.687/10/ധന തീയതി 28.01.2010 പ്രകാരം ചുമതലപ്പെടുത്തുകയും അവരുടെ പ്രവർത്തനം നടന്നു വരുകയുമാണ്. കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തുകയും ഹാർഡ്‌വെയർ വാങ്ങുന്നതിനായി ഇൻഷ്വറൻസ് ഡയറക്ടർ ചെയർമാനും കേരളാ ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടർ, കേരള ഐ.ടി മിഷൻ പ്രതിനിധി, ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, ഇൻഫർമേഷൻ സിസ്റ്റം (ധനകാര്യ വകുപ്പ്) ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള ഹൈലെവൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് നടപടികൾ നടന്നു വരികയും ചെയ്യുന്നു. |

| | |
|---|---|
| | എല്ലാ ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള ആദ്യഘട്ട നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പിന്റെ ആസ്ഥാന കാര്യാലയം വഴുതയ്ക്കാട് ട്രാൻസ് ടവർ കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ഓഫീസ് പ്രവർത്തനം 25.11.2010 മുതൽ ആരംഭിക്കുകയും ചെയ്തു |
| ബി) ഇൻഷ്വറൻസ് വകുപ്പ് പുതുതായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ; | ഇൻഷ്വറൻസ് വകുപ്പ് പുതുതായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നു.<br>1. ധനവർഷ<br>2. ധനസമൃദ്ധി<br>3. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് |
| സി) പൊതുജനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ആരംഭിച്ചിട്ടില്ല |
| ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് പൂർണ്ണമായും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് നൽകുന്നതിന് നിർദ്ദേശം നൽകുമോ; | പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് പൂർണ്ണമായും ഇൻഷ്വറൻസ് വകുപ്പ് വഴി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| ഇ) ഇൻഷ്വറൻസ് വകുപ്പിൽ ഇപ്പോൾ എത്ര കോടി രൂപയുടെ ബിസിനസ്സാണ് നടക്കുന്നത്; ഇത് ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | 2009-10 സാമ്പത്തിക വർഷത്തിൽ വകുപ്പിൽ 220.42 കോടി രൂപയുടെ ബിസിനസാണ് നടന്നതെന്ന് ഇൻഷ്വറൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കി കാര്യക്ഷമമാക്കിക്കൊണ്ടും പുതിയ പദ്ധതികൾ ആരംഭിച്ചുകൊണ്ടും ഇൻഷ്വറൻസ് വകുപ്പിന് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.16 — 21.12.2010- ൽ മറുപടിയ്ക്ക്

## ഗ്രാമരശ്മി പദ്ധതി

**ചോദ്യം**

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:
ശ്രീ. എൻ. രാജൻ:
ശ്രീ. പി. തിലോത്തമൻ:
ശ്രീ. കെ. രാജു:

**ഉത്തരം**

ശ്രീ.സി. ദിവാകരൻ
(ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി).

(എ) സംസ്ഥാനത്ത് ഗ്രാമരശ്മി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) ഉണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതിയിൻ കീഴിൽ വനിതാ ഗ്രൂപ്പുകൾക്ക് ഭക്ഷ്യസുരക്ഷാ പരിപാടികൾക്കായി ധനസഹായം നൽകുന്ന പദ്ധതിയാണിത്. ധനസഹായമായി 350 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ഒരു പശു, രണ്ട് ആട്, എന്നിവ 1555 വനിതാ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു യൂണിറ്റിന് 50% ധനസഹായം നൽകുന്നു.

(ബി) സംസ്ഥാനത്ത് എത്ര വനിതകൾക്ക് പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാനാണുദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഇതിനായി എത്ര വനിതാ സംഘങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

(ബി) സംസ്ഥാനത്ത് 1555 വനിതാ ഗുണഭോക്താക്കൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഒരു ക്ളസ്റ്റർ യൂണിറ്റിൽ അഞ്ച് വനിതാ ഗുണഭോക്താക്കൾ വീതം 311 യൂണിറ്റുകളെ തെരഞ്ഞെടുക്കുന്നതിന് ജില്ലാ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 17 21.12.2010 - ൽ മറുപടിക്ക്

## പൊതു വിപണിയിൽ അരിയുടെ വില വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ് സലീഖ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. സി. ദിവാകരൻ,<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) പൊതുവിപണിയിൽ അരിയുടെ വില വർദ്ധന തടയുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) പൊതു വിപണിയിൽ നിലനിൽക്കുന്ന അരിവില വർദ്ധന തടയാൻ സപ്ലൈകോ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ അരി വിതരണം ചെയ്യുന്നുണ്ട്. പുഴുക്കലരി, പച്ചരി എന്നിവ കിലോ ഗ്രാമിന് 12.70 നിരക്കിലാണ് വിതരണം ചെയ്തുവരുന്നത്. ഇതിനു പുറമേ മാവേലി പച്ചരി (സോർട്ടക്സ്), മാവേലി ബോധന അരി (സോർട്ടക്സ്) മാവേലി മട്ട (സോർട്ടക്സ്) എന്നീ ഇനങ്ങളിലുള്ള അരിയും പൊതുവിപണിയേക്കാൾ ശരാശരി 18% വിലക്കുറവിൽ വിതരണം നടത്തി വരുന്നു. മിതമായ വിലക്ക് ഈ രീതിയിൽ കൂടുതൽ അരി വിപണിയിലെത്തുന്നതു മൂലം, അരിയുടെ ദൗർലഭ്യം ഒഴിവാക്കുകയും വിപണിയിലെ വില ഒരു പരിധി വരെ നിയന്ത്രിക്കാനും കഴിയും. |
| (ബി) ജനപ്രിയ ബ്രാൻഡുകളായ ജയ, സുരേഖ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാ ക്കുമോ; | (ബി) ജയ, സുരേഖ എന്നീയിന ങ്ങളിൽപ്പെട്ട അരി കിലോഗ്രാമിന് 16 രൂപയ്ക്ക് വിൽക്കുവാനുള്ള ഒരു പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (സി) സപ്ലൈകോയുടെ എല്ലാ വിപണന കേന്ദ്രങ്ങളിലൂടെയും മെച്ചപ്പെട്ട അരി വിതരണം ചെയ്യുമോ; | (സി) സപ്ലൈകോയുടെ എല്ലാ വിപണനാകേന്ദ്രങ്ങളിലും ഗുണമേന്മയുള്ള അരി വിതരണം ചെയ്യുവാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രതിമാസം എത്ര ടൺ അരി വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ | (ഡി) സബ്സിഡി നിരക്കിൽ അരി വിൽക്കുന്നതിൽ നിന്ന് 2010-11 വർഷത്തെ നഷ്ടം സർക്കാർ അനുവദിച്ചിട്ടുള്ള തുകയായ 10 കോടി രൂപ അധികരിക്കാത്ത രീതിയിൽ അരിയുടെ അളവ് ക്രമീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ സർക്കാർ അനുവാദം ലഭിയ്ക്കുന്ന മുറയ്ക്കും വിൽപ്പനകേന്ദ്രങ്ങളിൽ നിന്നുള്ള ആവശ്യകതയുടെ അടിസ്ഥാനത്തിലും അരി വിതരണം നടത്താനുള്ള നടപടി എടുക്കുന്നതാണ്. |
| (ഇ) പി.ഡി.എസ്. ആട്ടയും സപ്ലൈകോ സ്റ്റാളുകൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഇ) സപ്ലൈകോ ഫോർട്ടിഫൈഡ് ആട്ട സപ്ലൈകോ വിപണന കേന്ദ്രങ്ങളിലൂടെ വിതരണം നടത്തുന്നതിനുള്ള അനുമതി കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെ ലഭ്യമായിട്ടില്ല. കേരളത്തിലെ ഉപഭോക്താക്കൾക്ക് വളരെ പ്രയോജനപ്രദമായ വിധത്തിൽ ആട്ട സപ്ലൈകോ വിതരണ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി അനുമതി ലഭിക്കുന്നതിനു വേണ്ടി സപ്ലൈകോയും കേരള സർക്കാരും നിരന്തരശ്രമം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 18

21.12.2010 ൽ
മറുപടിയ്ക്ക്

## കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജുപോൾ ;<br>ശ്രീ. സി.എം. ദിനേശ് മണി ;<br>ശ്രീ. എം.കെ. പുരുഷോത്തമൻ ;<br>ശ്രീ. എം.ജെ. ജേക്കബ് ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനുള്ള മാസ്റ്റർ പ്ളാനിന്റെ വിശദാംശം നൽകുമോ ; | എ) രണ്ടാംഘട്ട വികസനത്തിനുള്ള മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിനായി M/s.Cannon Design International Pvt. Ltd., Mumbai, (a subsidiary of Cannon Design Inc. USA) യെ ഏൽപിച്ചു കഴിഞ്ഞു. പ്രാരംഭ conceptual master plan തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ പുരോഗതിയിലാണ്. Conceptual master plan ഡിസംബർ 2010 അവസാനത്തോടെ തയ്യാറാകുമെന്ന് കരുതുന്നു. |
| ബി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കുന്നത് ; ഇതിനകം എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തു എന്ന് വെളിപ്പെടുത്തുമോ ; | ബി) പ്രസ്തുത പദ്ധതിക്കായി ഏകദേശം 160 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. അതിൽ 125 ഏക്കർ സ്ഥലം ഏറ്റെടുത്തു കഴിഞ്ഞു. |
| സി) പ്രസ്തുത പദ്ധതിക്ക് മൊത്തം എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ; | സി) പദ്ധതി പൂർത്തിയാകുമ്പോൾ ഏകദേശം 2500 കോടി രൂപ മുതൽമുടക്ക് വേണ്ടിവരുമെന്ന് കരുതുന്നു. |
| ഡി) പദ്ധതി പൂർത്തിയാകുമ്പോൾ എത്രപേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ; | ഡി) കൊച്ചി ഇൻഫോപാർക്കിന്റെ ഒന്നും രണ്ടും ഘട്ട വികസനങ്ങൾ പൂർത്തിയാകുമ്പോൾ ഏകദേശം 1,10,000 ത്തിൽപരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| ഇ) പദ്ധതിയുടെ ഒന്നാംഘട്ടം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ? | ഇ) 4,00,000 ചതുരശ്ര അടി ഐ.ടി. ബിൽഡിംഗ്, 220 KV substation, water treatment plant/sewage treatment plant, റോഡുകൾ തുടങ്ങിയവ ഉൾപ്പെട്ട |

ഒന്നാംഘട്ടം 2012 ൽ പൂർത്തികരിക്കുമെന്ന് കരുതുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 19 | 21 - 12 - 2010 ൽ മറുപടിക്ക്

## പൊതുമാപ്പു ലഭിച്ച മലയാളികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ടി. എ. റഹീം:<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീ. ജോർജ് എം. തോമസ്: | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സൗദി അറേബ്യ പ്രഖ്യാപിച്ച പൊതുമാപ്പിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തി എത്ര കേരളീയർ മടങ്ങിയെത്തി എന്ന് വെളിപ്പെടുത്തുമോ ; | (എ) സൗദി അറേബ്യ പ്രഖ്യാപിച്ച പൊതുമാപ്പിന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തി എത്ര കേരളീയർ. മടങ്ങിയെത്തി എന്ന കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (ബി) പൊതുമാപ്പ് ലഭിച്ചവർക്ക് നാട്ടിലെത്താൻ സംസ്ഥാന സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;<br><br>(സി) പൊതുമാപ്പ് ലഭിച്ചവരെ സഹായിക്കുന്നതിനും വിമാനയാത്രാചെലവ് വഹിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി & സി) സൗദി അറേബ്യയിൽ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള പൊതുമാപ്പ് പ്രയോജനപ്പെടുത്തി തിരിച്ചുവരുന്നവരെ അവിടെനിന്ന് കയറ്റി അയക്കുവാൻ എല്ലാ സഹായവും ചെയ്യണമെന്ന് സൗദി അറേബ്യയിലെ ഇന്ത്യൻ എംബസിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അപ്രകാരം വരുന്നവരെ ആവശ്യമെങ്കിൽ മുംബൈ, ഡൽഹി എയർപ്പോർട്ടുകളിൽ സ്വീകരിക്കുന്നതാണ് എന്നും എംബസിയെ അറിയിച്ചിട്ടുമുണ്ട്. കൂടാതെ ഇപ്രകാരം വരുന്നവർക്ക് എല്ലാ സഹായങ്ങളും നൽകണമെന്ന് കേന്ദ്ര സർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്. |

(ഡി)ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്നവരെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് ആവിഷ്ക്കരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

(ഡി) സൗദി അറേബ്യയിൽ അംഗീകൃത വിസയിൽ ജോലി തേടി പോയവർക്കുള്ളതല്ല മറിച്ച് തീർത്ഥാടന/സന്ദർശക വിസയിൽ പോയി അനധികൃതമായി ആ രാജ്യത്ത് തുടരുന്നവർക്കാണ് ഈ പൊതുമാപ്പ് എന്നതിനാൽ ഇപ്രകാരം ഒരു ആവശ്യം കേന്ദ്ര സർക്കാരിൽ ഉന്നയിക്കുന്നതിന് ആലോചനയില്ല.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം
നമ്പർ : 20.

21.12.2010-ൽ മറുപടിക്ക്

## "ക്ഷീരകർഷകരുടെ ക്ഷേമത്തിനായി പദ്ധതികൾ"

**ചോദ്യം**

**ശ്രീ. പി. കൃഷ്ണപ്രസാദ്.**
**ശ്രീ. സി.കെ.പി. പത്മനാഭൻ.**
**ശ്രീ. എം.ജെ. ജേക്കബ്.**
**ശ്രീ. പി. ജയരാജൻ.**

(എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**ഉത്തരം**

**ശ്രീ. സി. ദിവാകരൻ**
**(ഭക്ഷ്യ-സിവിൽ സപ്ലൈസ്-മൃഗസംരക്ഷണ വകുപ്പ് മന്ത്രി)**

(എ) കേരള ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്കായി സർക്കാർ ധന സഹായമായി 2008-09 സാമ്പത്തിക വർഷത്തിൽ രണ്ട് കോടി രൂപയും, ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷ കർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുന്ന ക്ഷീരക്ഷേമ പദ്ധതിയ്ക്കു വേണ്ടി 25 ലക്ഷം രൂപയും അനുവദിച്ചി ട്ടുണ്ട്. കൂടാതെ, ക്ഷേമനിധിയുടെ സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതി യായ ക്ഷീരസുരക്ഷയ്ക്കു വേണ്ടി 2009-10, 2010-11 സാമ്പത്തിക വർഷ ത്തിൽ 30 ലക്ഷം രൂപ വീതവും സർക്കാർ ധനസഹായമായി അനുവദി-ച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പു വഴി ക്ഷീരകർഷകർക്ക് ഉരുക്കളെ വാങ്ങുന്ന തിനും, മറ്റു പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും, കന്നുകുട്ടി പരിപാലനം പ്രോത്സാഹിപ്പിക്കുന്ന തിനും ധനസഹായം നൽകി സംസ്ഥാനത്തിന്റെ ആഭ്യന്തര പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യം ഇട്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആത്മഹത്യ പ്രേരിത ജില്ലകളായ വയനാട്, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിൽ വിദർഭ പദ്ധതിയും കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് 4500 കർഷ കർക്ക് 2 പശു വീതം നൽകുന്ന പദ്ധതി കൾ നടപ്പിലാക്കുന്നു. ഇത് കൂടാതെ, സൗജന്യമായി കൃത്രിമബീജധാനം കന്നുകുട്ടി പരിപാലന പദ്ധതി,

പശുക്കൾക്കുള്ള തീറ്റ സബ്സിഡി തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. 2006-07 മുതൽ നടപ്പിലാക്കി വരുന്ന ഈ പദ്ധതിയ്ക്ക് 44.74 കോടി രൂപയാണ് ഈ വകുപ്പ് മുഖേന വകയിരുത്തിയിട്ടുള്ളത്. ആർ.കെ.വി.വൈ. പദ്ധതിയിലൂടെ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് കന്നുകുട്ടി പരിപാലന പദ്ധതി, കർഷകരുടെ തൊഴുത്തുകളുടെ നവീകരണം, പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. 2007-08 ൽ 15.51 കോടിയും 2008-09 ൽ 4.47 കോടിയും 2009-10 ൽ 9.21 കോടിയും 2010-11 ൽ 5.22 കോടിയും ഈ പദ്ധതി പ്രകാരം ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ സുനാമി പുനരധിവാസ പദ്ധതിയിലൂടെയും ക്ഷീരകർഷകർക്ക് ആനുകൂല്യം ലഭ്യമാക്കാൻ സാധിച്ചു. സംയോജിത കന്നുകാലി വികസന പദ്ധതിയ്ക്കായി 10 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. 6862 ക്ഷീര കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ഭക്ഷ്യസുരക്ഷ പദ്ധതിയിൻ കീഴിൽ ആഭ്യന്തര പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് പല പരിപാടികളും നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പ് 900 കർഷകർക്ക് 3 പശു 2 എരുമയൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഒരു കർഷകന് ഒരു ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. ഈ പദ്ധതിയിൽ ഭക്ഷ്യ സുരക്ഷയ്ക്കായി മാതൃക കർഷകരെ വികസിപ്പിച്ച് മാതൃകകൾ മെച്ചപ്പെടുത്തുതിന് 500 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 500 കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നു. ഇതു കൂടാതെ, ക്ഷീര കർഷകർക്ക് വെറ്ററിനറി സർവ്വീസിലൂടെ ആരോഗ്യ സംരക്ഷണം നൽകുന്നതിന് 3 കോടി രൂപയും വകകൊള്ളിച്ചിട്ടുണ്ട്. പത്തനംതിട്ട, മലപ്പുറം കാസർഗോഡ് എന്നീ ജില്ലകളിൽ ആവിഷ്ക്കരിച്ചിട്ടുള്ള ഇൻഷുറൻസ് പദ്ധതിയായ 'ഗോസുരക്ഷ' ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ 3 ജില്ലകളെയും സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 1.04 ലക്ഷം പശുക്കളെ ഇൻഷൂർ ചെയ്യുന്നതിന് 50% സാമ്പത്തിക സഹായം നൽകിവരുന്നു. ഈ പദ്ധതിക്കായി 500 ലക്ഷം രൂപ സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ കേന്ദ്രത്തിന്റെ ധനസഹായത്തോടു കൂടി ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ക്ഷീരമേഖലയിൽ വെഞ്ചർ കാപ്പിറ്റൽ ഫണ്ട് (സംരംഭ മൂലനിധി) യിലൂടെ വായ്പയെടുക്കുന്ന കർഷകർക്ക് അവരുടെ പലിശയിന്മേൽ ധനസഹായം നൽകിവരുന്ന പദ്ധതിയാണ് ഇത്. കൃഷി വകുപ്പ് മുഖേന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം നെൽകൃഷി കർഷകരിൽ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്ന തിനായി ഒരു പദ്ധതി ആവിഷ്ക്കരിച്ചു വരുന്നു. ഇതിനായി 2.5 കോടി രൂപ കൃഷി വകുപ്പിൻ കീഴിൽ അനുവദിച്ചിട്ടുണ്ട്.

(ബി) ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും എത്രപേർക്ക് പ്രതിമാസ പെൻഷൻ ലഭിക്കുന്നുണ്ടെന്നു വെളിപ്പെടുത്തുമോ;

(ബി) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും 26274 പേർക്ക് 300/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ നൽകി വരുന്നു.

(സി) എല്ലാ ക്ഷീരകർഷകരേയും ക്ഷേമ നിധിയിൽ അംഗമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കേരള ക്ഷീരകർഷക ക്ഷേമനിധി നിയമ പ്രകാരം 18 വയസ്സ് പൂർത്തിയായതും, പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിൽ ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 500 ലിറ്റർ പാൽ അളന്ന് 100/- രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച എല്ലാ ക്ഷീരകർഷകരെയും അംഗങ്ങളാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഹേലി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്ഷീര മേഖലയുടെ വികസനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ഡി) ഹേലി കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ക്ഷീരമേഖലയുടെ വികസനത്തിനായി ചുവടെ ചേർത്തിരിക്കുന്ന പ്രധാന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്.

1. <u>ഗോധനം പദ്ധതി:</u>

   നിലവിൽ പശു വളർത്തുന്ന കർഷകർക്ക് ഒരു പശു അധികമായി വാങ്ങാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്. ഒരു പശുവിന് പതിനായിരം രൂപയാണ് സബ്സിഡിയായി നൽകി വരുന്നത്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള "200 യൂണിറ്റുകൾ" നടപ്പിലാക്കാനാണ് 2010-11 വാർഷിക പദ്ധതിയിലെ "മിൽക്ക് ഷെഡ് വികസന പ്രോഗ്രാ"മിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി 20 ലക്ഷം രൂപ പദ്ധതി വിഹിതമായി നടപ്പു വർഷം സർക്കാർ അനുവദിച്ചിട്ടുണ്ട്.

2. <u>കോയിപ്രം മാതൃകയിലുള്ള മാസ്സീവ് ഫോഡർ കൾട്ടിവേഷൻ</u>

   സംസ്ഥാനത്ത് അങ്ങോളമിങ്ങോളമുള്ള [illegible] "കോയിപ്രം" മാതൃകയിൽ തീറ്റപ്പുൽ കൃഷി നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയാണിത്. ഒരു ഹെക്ടർ വീതം 20 യൂണിറ്റുകൾ ആരംഭിക്കുവാനായി

2010-11 വാർഷിക പദ്ധതിയിലെ ഫോഡർ ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ 5 ലക്ഷം രൂപ (ഒരു ഹെക്ടർ കൃഷി ചെയ്യുന്നതിന് 25000/- രൂപ സബ്സിഡി എന്ന നിരക്കിൽ) പദ്ധതി വിഹിതമായി നടപ്പു വർഷം സർക്കാർ അനുവദിച്ചിട്ടുണ്ട്.

3. **കേരള സ്റ്റേറ്റ് ഡയറി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ.**

കേരള സ്റ്റേറ്റ് ഡയറി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എന്ന ധനകാര്യ സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗനയിലാണ്.

ഹേലി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന കന്നുകുട്ടി പരിപാലന പദ്ധതി വ്യാപിപ്പിക്കുന്നതിനും, ഹൈടെക് ഫാമുകൾ സ്ഥാപിക്കുന്നതിനും, ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പല പദ്ധതികളും ആവിഷ്ക്കരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 21 | 21-12-2010-ൽ മറുപടിയ്ക്ക്

കേരളോത്സവം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

**ചോദ്യം**

ശ്രീ.എം.എം.മോനായി
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.അൽഫോൺസ് കണ്ണന്താനം
ശ്രീ. സി.എച്ച്. കുഞ്ഞമ്പു

(എ)

ഈ വർഷത്തെ കേരളോത്സവം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

**മറുപടി**

**ശ്രീ. വി.സുരേന്ദ്രൻ പിള്ള**
(തുറമുഖവും യുവജനകാര്യവും
വകുപ്പ് മന്ത്രി)

(എ)

2010-ലെ കേരളോത്സവം മികവുറ്റ രീതിയിൽ സംഘടിപ്പിക്കുന്നതിനായി 2010 നവംബർ 15ന് ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, തൈക്കാട് വച്ച് എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും മുനിസിപ്പാലിറ്റി ചെയർമാൻമാരുടെയും കോർപ്പറേഷൻ മേയർമാരുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. കൂടാതെ ഈ വർഷം മുതൽ കേരളോത്സവം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് തലം മുതൽ നൽകുന്ന ധനസഹായം ബോർഡ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് 10,000/- രൂപയും ബ്ലോക്ക് പഞ്ചായത്ത്/ കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയ്ക്ക് 20,000/- രൂപയും ജില്ലാ പഞ്ചായത്തിന് 85,000/- രൂപയും സംസ്ഥാനതല കേരളോത്സവം നടക്കുന്ന ജില്ലാ പഞ്ചായത്തിന് 7 ലക്ഷം രൂപയുമായി

| | |
|---|---|
| | ധനസഹായം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിനായി യൂത്ത് കോ-ഓർഡിനേറ്റർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) എല്ലാ പഞ്ചായത്തുകളിലും കേരളോത്സവവുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) കേരളോത്സവവുമായി ബന്ധപ്പെട്ട മത്സരങ്ങൾ സുഗമമായി നടത്തുവാനായി യുവജനക്ഷേമ ബോർഡിൽ നിന്നും അനുവദിക്കുന്ന 10,000/- രൂപ ധനസഹായം ജില്ലാ യുവജനകേന്ദ്രം മുഖേന എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, ഇതിനായി പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |
| സി) ഈ വർഷം പുതുതായി ഏതെല്ലാം ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (സി) പ്രാഥമികതലം മുതൽ വഞ്ചിപ്പാട്ട് മത്സരവും സംസ്ഥാന ജില്ലാ തലത്തിൽ പഞ്ചഗുസ്തി, ഹാൻഡ് ബാൾ, സോഫ്റ്റ് ബാൾ എന്നീ ഇനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) കേരളോത്സവത്തിൽ ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) ഇതിന്റെ ഭാഗമായി എല്ലാ തലങ്ങളിലും വിപുലമായ സംഘാടകസമിതികൾ രൂപീകരിച്ച് യൂത്ത് കോ-ഓർഡിനേറ്റർമാർ മുഖേനയും ജില്ലാ യുവജനകേന്ദ്രം മുഖേനയും പ്രവർത്തനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

ഇ)
മത്സരവിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ഇ)
കേരളോത്സവ മത്സര വിജയികൾക്ക് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും താഴെപ്പറയും വിധം പ്രൈസ്മണി നൽകിവരുന്നു.

| | | ജില്ലാതലം | സംസ്ഥാന തലം |
|---|---|---|---|
| വ്യക്തിഗതം | I | 200 | 1,000 |
| വ്യക്തിഗതം | II | 150 | 750 |
| ഗ്രൂപ്പിനം | I | 150 | 400 |
| | II | 100 | 300 |

ഇതുകൂടാതെ, കലാ-കായിക വിഭാഗങ്ങളിൽ വ്യക്തിഗത ചാമ്പ്യൻമാരാകുന്നവർക്ക് രാജീവ്ഗാന്ധി സ്മാരക ട്രോഫിയും ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് എവർറോളിംഗ് ട്രോഫിയും സംസ്ഥാനതല കലാ-കായിക മത്സരങ്ങളിൽ പുരുഷ-വനിതാ ചാമ്പ്യൻമാർക്ക് പ്രത്യേകം ട്രോഫികളും ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ്, കബടി, വടംവലി എന്നീ ഇനങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് സംസ്ഥാനതലത്തിൽ ട്രോഫിയും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ടചോദ്യം നമ്പർ. 22 | 21-12-2010-ൽ മറുപടിയ്ക്ക്

### യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

**ചോദ്യം**

ശ്രീ.എ.എം.യൂസഫ്
ശ്രീമതി.കെ.കെ. ലതിക
ശ്രീ.രാജു എബ്രഹാം
ശ്രീ. എം. പ്രകാശൻ മാസ്റ്റർ

(എ)

യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

**മറുപടി**

**ശ്രീ. വി.സുരേന്ദ്രൻ പിള്ള**
(തുറമുഖവും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ)

യുവശക്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1) കേരളത്തിന്റെ വികസന പ്രക്രിയയിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ദുരന്തനിവാരണ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനും യുവശക്തി പദ്ധതി ലക്ഷ്യമിടുന്നു.
2) ഉത്പാദന മേഖലയിൽ ഉൾപ്പെടെ പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും യുവജനങ്ങളേയും യുവജനക്ലബ്ബുകളേയും പ്രോത്സാഹിപ്പിക്കുക.
3) സ്വയം തൊഴിൽ

സംരംഭങ്ങൾക്ക് പ്രോത്സാഹനവും സഹായങ്ങളും നൽകുക.

4) സ്വയം തൊഴിൽ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുകയും ലേബർ ബാങ്കുകൾ രൂപീകരിക്കുകയും ചെയ്യുക.
5) യുവാക്കളിൽ സാംസ്കാരിക ബോധം, ചരിത്ര പഠനം, ശാസ്ത്രീയ ചിന്ത, മതേതരത്വം, ദേശീയോദ്ഗ്രഥനം തുടങ്ങിയവ വളർത്തിയെടുക്കുക, വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ യുവജനങ്ങൾക്ക് പ്രോത്സാഹനവും സഹായങ്ങളും നൽകുക.

ബി)

യൂത്ത് സെന്ററുകളുടെ ചുമതലകൾ എന്തെല്ലാമാണ്;

(ബി)

അനുബന്ധമായി ചേർക്കുന്നു.

സി)

യൂത്ത് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

സി)

പഞ്ചായത്തുതലത്തിൽ യുവജനക്ഷേമ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനും സർക്കാർ യുവജനക്ഷേമപദ്ധതികൾ താഴെത്തട്ടിൽ എത്തിയ്ക്കുന്നതിനും യൂത്ത് സെന്ററുകൾ നേതൃത്വം നൽകുന്നു. യൂത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനതലത്തിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികളും

പ്രസ്തുത കമ്മറ്റി നിശ്ചയിക്കുന്ന പ്രവർത്തനങ്ങളെ ഏകോപ്പിപ്പിക്കുന്നതിനായി യൂത്ത് കോ-ഓർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ, ഉപദേശകസമിതികളും നിലവിലുണ്ട്. കൂടാതെ, നിലവിലുള്ള യൂത്ത് സെന്ററുകളിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കുന്ന യൂത്ത് സെന്ററുകളെ മോഡൽ യൂത്ത് സെന്ററുകളായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ഡി) യൂത്ത് സെന്ററുകളുടെ നേതൃത്വത്തിൽ യുവകർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടികൾ എല്ലാ പഞ്ചായത്തുകളിലും പൂർത്തിയായിട്ടുണ്ടോ;

(ഡി) ഉണ്ട്.

ഇ) കാർഷിക രംഗത്ത് യുവാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ;

ഇ) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഒരു ബ്ലോക്കിൽ ഒന്ന് വീതം യുവജനകാർഷിക ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബുകൾ മുഖേന കാർഷിക ബോധവത്ക്കരണ പദ്ധതികൾ, കൂൺകൃഷി പരിശീലനം, കാർഷിക ശില്പശാല, ജൈവ പച്ചക്കറി കൃഷി പരിശീലനം എന്നിവ സംഘടിപ്പിക്കുന്നതിന് ധനസഹായം നൽകി വരുന്നു.

| | |
|---|---|
| **എഫ്)** | **(എഫ്)** |
| **പഞ്ചായത്തുതലത്തിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?** | **നിലവിൽ യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു.** |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 23 — 21.12.10-ൽ മറുപടിക്ക്

**ഭക്ഷ്യസുരക്ഷയ്ക്കും മൃഗസംരക്ഷണത്തിനുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. മാണി : | ശ്രീ.സി. ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സുരക്ഷയ്ക്കും മൃഗസംരക്ഷണത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രത്തോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുവാദവും ഫണ്ടും ആവശ്യപ്പെട്ടത് ;

(എ) & (ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ റേഷൻകടകളിലൂടെ അരിയും ഗോതമ്പിനും പുറമേ മറ്റു അവശ്യ വസ്തുക്കൾ കൂടി ലഭ്യമാക്കുന്നതിനായി 354 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി സംസ്ഥാനസർക്കാർ തയ്യാറാക്കി കേന്ദ്രസർക്കാറിന്റെ അനുമതിക്കും സഹായത്തിനുമായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 25% കേന്ദ്ര വിഹിതമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ മൃഗസംരക്ഷണവകുപ്പ് താഴെ പറയുന്ന പദ്ധതികൾക്കാണ് കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുള്ളത്. ആത്മഹത്യാ പ്രേരിത ജില്ലകളായ കാസർകോഡ്, വയനാട്, പാലക്കാട് ജില്ലകളിലെ കർഷകരുടെ പുനരധിവാസത്തിനായി വിദർഭപദ്ധതിയും ആർ.കെ.വി വൈ. പദ്ധതിയും സുനാമി പുനരധിവാസ പദ്ധതി, ഇടുക്കി പാക്കേജുകൾ, സംയോജിത കന്നുകാലി വികസന പദ്ധതി (ഒറ്റ തവണ കേന്ദ്ര ധന സഹായം) പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതി എന്നിവയ്ക്ക് കേന്ദ്രത്തിന്റെ

ധനസഹായത്തിനായി പദ്ധതികൾ സമർപ്പിക്കുകയു ണ്ടായി. ഇതു കൂടാതെ കേന്ദ്രാവിഷ്കൃത തുടർ പദ്ധതികളായ കന്നുകാലി രോഗങ്ങളെ നിയന്ത്രിക്കു ന്നതിന് സംസ്ഥാനങ്ങൾക്കുള്ള ധന സഹായ പദ്ധതി, കുളമ്പു രോഗ നിയന്ത്രണത്തിനുള്ള പദ്ധതി, ദേശീയ തീറ്റപ്പുൽ പദ്ധതി സംസ്ഥാനത്തെ കോഴി, താറാവ് വളർത്തൽ കേന്ദ്രങ്ങൾക്കുള്ള പദ്ധതി, മൃഗസംരക്ഷണ സ്ഥിതി വിവരകണക്കും സാമ്പിൾ സർവ്വെ യും, കന്നുകാലി സെൻസസ് ഓപ്പറേഷൻ റിൻഡർപെസ്റ്റ് സംസ്ഥാന വെറ്ററിനറി കൗൺസിലുകൾക്കുള്ള ധന സഹായം, പി.പി.ആർ. രോഗ നിയന്ത്രണ പദ്ധതി, ദേശീയ ബ്രൂസല്ലാ നിയന്ത്രണ പരിപാടി, മൃഗാശുപത്രികളുടെ ശക്തിപ്പെടു ത്തലിനുള്ള ധനസഹായം, എന്നീ പദ്ധതികൾക്കും പ്രൊപ്പോസലുകൾ കേന്ദ്രത്തിൽ സമർപ്പിച്ച് ധനസഹായം ലഭിച്ചു വരുന്നു. ഇതു കൂടാതെ കേരള കന്നുകാലി വികസന ബോർഡ് മുഖേന കന്നുകാലി ഇൻഷ്വറൻസ് പദ്ധതി യുടെ എൻ.പി.സി.ബി.ബി. പദ്ധതിയും ചെറിയ അയവിറക്കുന്ന മൃഗങ്ങളുടേയും മുയലു കളുടേയും സമഗ്ര വികസന പദ്ധതിയും മിൽമ, ക്ഷീരവികസന വകുപ്പ്, കേരള ഫീഡ്സ് ലിമിറ്റഡ്, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, മീറ്റ്സ് പ്രോഡക്റ്റ്സ് ഓഫ് ഇൻഡ്യ എന്നീ ഏജൻസികളിലൂടെയും കേന്ദ്രത്തിൽ പദ്ധതികൾ സമർപ്പിച്ച് ധനസഹായം ലഭിച്ചു വരുന്നു. മേൽപ്പറഞ്ഞ മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ പദ്ധതികൾക്കും കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം ; | (സി) | ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. കേന്ദ്രസഹായം ലഭിച്ചിട്ടുള്ള മൃഗസംരക്ഷണവകുപ്പിന്റെ പദ്ധതികളുടെയും ഫണ്ടിന്റെയും വിശദാംശം അനുബന്ധമായി കൊടുത്തിട്ടുണ്ട്. |
| (ഡി) | കേന്ദ്രാനുമതി ലഭിച്ച ഏതെല്ലാം പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ഡി) | കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള മൃഗസംരക്ഷണവകുപ്പിന്റെ എല്ലാ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. |
| (ഇ) | കേന്ദ്രപദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച് സംസ്ഥാനം ഏതെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ ; | (ഇ) & (എഫ്) | വകുപ്പ്തലത്തിലും സെക്രട്ടറി തലത്തിലും മാസാന്ത്യ അവലോകനങ്ങൾ നടത്തിവരുന്നു. ഇതുകൂടാതെ ചീഫ് സെക്രട്ടറി തലത്തിലും, കാർഷികോൽപ്പാദന കമ്മിഷണർ തലത്തിലും, മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. 2007-2008-ൽ സംസ്ഥാനത്തിന്റെ ആഭ്യന്തര പാൽ ഉൽപ്പാദനം 22.48 ലക്ഷം മെട്രിക് ടണ്ണും ആഭ്യന്തര മുട്ട ഉൽപ്പാദനം 137.92 കോടി എണ്ണവും ആയിരുന്നത് 20.09.2010-ൽ 25.35 ദശലക്ഷം മെട്രിക് ടണ്ണായും മുട്ട ഉൽപ്പാദനം 163.3 കോടി എണ്ണമായും വർദ്ധിപ്പിക്കാൻ സാധിച്ചു. ഈ വർദ്ധനവ് കഴിഞ്ഞ നാലു വർഷമായി നടപ്പിലാക്കിയ വിവിധ ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിയതിലൂടെയാണ് കൈവരിക്കാൻ കഴിഞ്ഞത്. |
| (എഫ്) | എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | | |

Dolly Joseph

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 24 | 21.12.10ൽ മറുപടിക്ക്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം

**ചോദ്യം**

ശ്രീ.ആനത്തലവട്ടം ആനന്ദൻ
ശ്രീ.ആർ. സെൽവരാജ്
ശ്രീ.വി.ജെ.തങ്കപ്പൻ
ശ്രീ.വി.ശിവൻകുട്ടി

**മറുപടി**

ശ്രീ. വി.സുരേന്ദ്രൻ പിള്ള
( യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | എ) | വിഴിഞ്ഞം തുറമുഖ പദ്ധതി ബി.ഒ.ടി. അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ഡെവലപ്പറെ കണ്ടെത്തുന്നതിലേയ്ക്കായി 2007 ആഗസ്റ്റിൽ നടത്തിയ ടെണ്ടർ നടപടികൾ നിയമക്കുരുക്കിൽപ്പെട്ട കാരണത്താൽ തെരഞ്ഞെടുക്കപ്പെട്ട കൺസോർഷ്യം പിൻമാറുകയും, 8/2009 ൽ ടെൻണ്ടർ നടപടികൾ റദ്ദ് ചെയ്യുകയും ചെയ്തു. തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിനായി പുതിയൊരു കർമ്മ പദ്ധതിയ്ക്ക് 2009 നവംബറിൽ രൂപം നൽകി. പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ, റോഡ്, റെയിൽ കണക്ടിവിറ്റി സൗകര്യമൊരുക്കൽ, ശുദ്ധജലം, വൈദ്യുതി ലഭ്യമാക്കൽ, പാരിസ്ഥിതിക പഠനം, പദ്ധതി ഉപദേശകരെ നിയമിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ അടങ്ങിയ പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾക്കായി 450 കോടി രൂപയുടെ കർമ്മ പദ്ധതിക്കാണ് സർക്കാർ അംഗീകാരം നൽകി നടപ്പിലാക്കി വരുന്നത്.<br>1. റൈറ്റ്സ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനം വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി റോഡ്/റെയിൽ കണക്ടിവിറ്റി എന്നീ അടിസ്ഥാന സൗകര്യമൊരുക്കുന്നതിനാവശ്യമായ പ്രാഥമിക പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചു. |

| | | | |
|---|---|---|---|
| | | | 2. തുറമുഖത്തു നിന്ന് തിരുവനന്തപുരം-നാഗർകോവിൽ BG line ൽ ബാലരാമപുരം വരെയുള്ള 10 കി.മി. ദൂരം വരുന്ന റെയിൽ പാതയ്ക്ക്, സതേൺ റെയിൽവേ ചെന്നൈ CTPM ന് അപേക്ഷ നൽകി, പാതയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചു. സാങ്കേതിക പരിശോധന തിരുവനന്തപുരം DRM നടത്തിവരുന്നു. റെയിൽപാതയുടെ നിർമ്മാണത്തിനും മേൽനോട്ടത്തിനുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ RVNL-നെ engage ചെയ്യുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.<br>3. ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനെ(IFC) പദ്ധതിയുടെ മുഖ്യ ഉപദേശകരായി നിയമിച്ചു. IFC യുടെ സഹായത്തോടെ പദ്ധതിയുടെ Techno Commercial Feasibility Report (TCFR)--ഉം പദ്ധതിയുടെ Financial Model- ഉം നവീകരിക്കുകയും അവയ്ക്ക് അംഗീകാരം നൽകുകയും ചെയ്യു.<br>4. പദ്ധതിയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമി 120 ഹെക്ടറായി നിജപ്പെടുത്തുകയും അതിനായി തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു എൽ.എ. യൂണിറ്റ് ആരംഭിച്ച് ഫാസ്റ്റ് ട്രാക് പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ച് വരുന്നു.<br>5. തുറമുഖ നിർമ്മാണത്തിന് ആവശ്യമായ പാരിസ്ഥിതിക ക്ലിയറൻസ് ലഭിക്കുന്നതിനുള്ള പഠനം നടത്തുവാൻ Form I&ToR അംഗീകാരത്തിനായി കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് സമർപ്പിച്ചു.<br>6. തുറമുഖ പദ്ധതിക്ക് തീരദേശ പരിപാലന അനുമതി(CRZ) ലഭിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന് സമർപ്പിച്ചു.<br>7. നിർദ്ദിഷ്ട തുറമുഖത്തിലേയ്ക്കുള്ള റോഡ് കണക്റ്റിവിറ്റിയുടെ ഭാഗമായി കോവളം മുതൽ കളിയിയ്ക്കാവിള വരെ |

| | | | |
|---|---|---|---|
| | | | യുള്ള 30 കി.മി.റോഡിന്റെയും തുറമുഖ വാർഫിലേയ്ക്കുള്ള 600 മീറ്റർ റോഡിന്റെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.<br>8. 4(1) നോട്ടിഫിക്കേഷൻ നൽകിയ 86 ഹെക്ടർ ഭൂമിയിൽ റോഡ് കണക്ടിവിറ്റി, ബാക്കപ്പ്, ട്രക് ടെർമിനൽ എന്നിവയ്ക്ക് ആവശ്യമായ 46 ഹെക്ടർ ഭൂമിയുടെ വില ഫാസ്റ്റ് ട്രാക് പദ്ധതി പ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഡി.എൽ.പി.സി, വസ്തു ഉടമകളുമായി ചർച്ച ചെയ്തു നിർണ്ണയം നടത്തിയശേഷം രജിസ്ട്രേഷൻ നടന്നുവരുന്നു. വെയർഹൗസിംഗിനായി നോട്ടിഫൈ ചെയ്ത 40 ഹെക്ടർ ഭൂമിയുടെ സർവ്വെ പൂർത്തിയായിവരുന്നു.<br>9. തുറമുഖത്തിനാവശ്യമായ ശുദ്ധജലം വെള്ളായണി കായലിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ കേരള വാട്ടർ അതോറിറ്റി( KWA) വിലയിരുത്തി. contract award ചെയ്യുന്ന നടപടികൾ നടന്നുവരുന്നു.<br>10. തുറമുഖ പദ്ധതിയ്ക്കു വൈദ്യുതി ലഭ്യമാക്കുന്നതിലേയ്ക്കായി നിലവിലെ 66 കെ.വി.220 കെ.വി. ആയി ഉയർത്തുന്നതിനുള്ള നടപടി KSEB സ്വീകരിച്ചു വരുന്നു.<br>11. തുറമുഖ പദ്ധതിയ്ക്ക് പ്രവർത്തന പങ്കാളിയെ കണ്ടെത്തുന്നതിനായുള്ള ടെൻഡർ നടപടികൾ ആരംഭിക്കുന്നതിന് മുന്നോടിയായി potential investors നെയും ബാങ്ക് പ്രതിനിധികളെയും, പ്രോജക്ട് advisors നെയും ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരത്ത് ഒരു പോർട്ട് വ്യവസായ സംഗമം നടത്തുകയും തുടർന്ന് തുറമുഖ ഓപ്പറേറ്ററെ കണ്ടെത്തുന്നതിലേയ്ക്കായി ആഗോള തലത്തിൽ RFQ പ്രസിദ്ധീകരിക്കുകയും, ദേശീയവും, അന്തർദേശീയവുമായ 19 പ്രമുഖ കമ്പനികൾ RFQ വാങ്ങുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി | അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; | ബി | അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.<br>1. 4(1) നോട്ടിഫിക്കേഷൻ നൽകിയ 86 ഹെക്ടർ ഭൂമിയിൽ റോഡ് കണക്ടിവിറ്റി, ബാക്കപ്പ്, ട്രക്ക് ടെർമിനൽ എന്നിവയ്ക്ക് ആവശ്യമായ 46 ഹെക്ടർ ഭൂമിയുടെ വില ഫാസ്റ്റ് ട്രാക്ക് പദ്ധതി പ്രകാരം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ഡി.എൽ.പി.സി, വസ്തു ഉടമകളുമായി ചർച്ച ചെയ്തു നിർണ്ണയം നടത്തിയശേഷം രജിസ്ട്രേഷൻ നടന്നുവരുന്നു. വെയർഹൗസിംഗിനായി നോട്ടിഫൈ ചെയ്ത 40 ഹെക്ടർ ഭൂമിയുടെ സർവ്വെ പൂർത്തിയായിവരുന്നു.<br>2. തുറമുഖത്തു നിന്ന് തിരുവനന്തപുരം-നാഗർകോവിൽ BG line- ൽ ബാലരാമപുരം വരെയുള്ള 10 കി.മി. ദൂരം വരുന്ന റെയിൽ പാതയ്ക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചു.<br>3. തുറമുഖ പദ്ധതിയെ NH 47 ബൈപാസുമായി ബന്ധിപ്പിക്കുന്ന 2.കി.മി ദൂരം . വരുന്ന 4 വരി പാതയുടെ DPR തയ്യാറാക്കിവരുന്നു.<br>4. തുറമുഖ പദ്ധതിയ്ക്കു വൈദ്യുതി ലഭ്യമാക്കുന്നതിലേയ്ക്കായി നിലവിലെ 66 കെ.വി.220 കെ.വി. ആയി ഉയർത്തുന്ന നടപടി KSEB സ്വീകരിച്ചു വരുന്നു.<br>5. തുറമുഖത്തിനാവശ്യമായ ശുദ്ധജലം വെള്ളായണി കായലിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ ടെൻണ്ടർ കേരള വാട്ടർ അതോറിറ്റി( KWA) വിലയിരുത്തി contract award ചെയ്യുന്ന നടപടികൾ നടന്നുവരുന്നു. |
| സി | തുറമുഖ നിർമ്മാണത്തിൽ പങ്കാളിത്തം വഹിക്കാൻ ഏതെല്ലാം സ്ഥാപനങ്ങൾ മുന്നോട്ടു വന്നിട്ടുണ്ട്; | സി | തുറമുഖ നിർമ്മാണത്തിൽ പങ്കാളികളാകാൻ 19 സ്ഥാപനങ്ങൾ/കമ്പനികൾ മുന്നോട്ട് വന്നിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി വച്ചിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| ഡി | പദ്ധതിക്ക് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു ; പദ്ധതിക്കാവശ്യമായ തുക എങ്ങനെ സംഭരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | ഡി | ഈ പദ്ധതിയുടെ ആവശ്യഘട്ട നിർമ്മാണം പൂർത്തിയാക്കാൻ 2500 കോടി രൂപയുടെ ചിലവ് പ്രതീക്ഷിയ്ക്കുന്നു. പ്രസ്തുത തുക സമാഹരിക്കുന്നതിന് വിവിധ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ഇ | പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തം നേടുന്നതിന് നടപടി സ്വീകരിക്കുമോ; | ഇ | കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള Shipping Corporation of India എന്ന സ്ഥാപനവുമായി ചേർന്ന്, പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ മുൻപ് ആലോചിച്ചിരുന്നു. |
| എഫ് | സംസ്ഥാന സർക്കാരും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസും ചേർന്ന് സംഘടിപ്പിച്ച തുറമുഖ-സമുദ്രയാന വ്യവസായ സംഗമം വിഴിഞ്ഞം പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | എഫ് | സംസ്ഥാന സർക്കാരും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസും ചേർന്ന് സംഘടിപ്പിച്ച തുറമുഖ-സമുദ്രയാന വ്യവസായ സംഗമത്തിലൂടെ ഈ പദ്ധതിയെ സംബന്ധിച്ചുള്ള എല്ലാ ആശങ്കകളും ദൂരീകരിക്കുന്നതിനും, അതുവഴി തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തുന്ന ആഗോള ടെൻഡർ പ്രക്രിയയിൽ പങ്കെടുക്കുന്നതിന് ഡെവലപ്പേഴ്സിനും സാമ്പത്തിക സഹായം നൽകുന്നതിന് ബാങ്കുകൾക്കും/മറ്റ് സാമ്പത്തിക സ്ഥാപനങ്ങൾക്കും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# Annexure

Companies purchased RFQ

| Sl No | Company |
|---|---|
| 1 | Essar |
| 2 | GVK |
| 3 | GMR |
| 4 | APM Terminals |
| 5 | Gammon |
| 6 | Shipping Corporation of India |
| 7 | Mundra |
| 9 | Reliance Infrastructure |
| 10 | Nagarjuna |
| 11 | Jaiprakash Associates |
| 12 | SKIL |
| 13 | Hindustan Constructions |
| 14 | IDFC |
| 15 | Bollores |
| 16 | Patel Engineering |
| 17 | Sterlite |
| 18 | Welspun infratech |
| 19 | Global Ports |

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 25 — 21.12.10ൽ മറുപടിക്ക്

## തീരദേശ സമുദ്രയാന പദ്ധതി

**ചോദ്യം**

ശ്രീ.എം.കെ.പുരുഷോത്തമൻ
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.സി.കെ.സദാശിവൻ

**മറുപടി**

ശ്രീ. വി.സുരേന്ദ്രൻ പിള്ള
( യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ജലമാർഗ്ഗമുള്ള ചരക്കുഗതാഗതം ലക്ഷ്യമാക്കി സംസ്ഥാനത്ത് തീരദേശ സമുദ്രയാന പദ്ധതി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ ; | എ) | കേരള സർക്കാർ തീരദേശ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി നടപ്പാക്കാൻ വേണ്ടി 2010-11 ലെ ബഡ്ജറ്റിൽ 200 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. ബേപ്പൂർ, വിഴിഞ്ഞം, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളിൽ കൂടിയാണ് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പാക്കുന്നത്. കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പാക്കാൻ വിശദമായ പദ്ധതി തയ്യാറാക്കുന്നതിന് വേണ്ടി ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനിക്കുകയും തുറമുഖ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. തുറമുഖ വകുപ്പ് ഡയറക്ടർ ടെണ്ടർ നടപടികൾക്ക് ശേഷം സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |
| ബി | ഏതെല്ലാം തുറമുഖങ്ങളെ ബന്ധിപ്പിച്ച് കപ്പൽ ഗതാഗതം നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ തുക എങ്ങനെ സംഭരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | ബി | തുടക്കത്തിൽ അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളാണ് കപ്പൽ ഗതാഗതം നടത്തുന്നതിന് ഉപയോഗിക്കുന്നത്. പ്രാഥമിക ചെലവുകൾക്കായി 2010-11 -ലെ ബഡ്ജറ്റിൽ ഇതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | പദ്ധതിയ്ക്ക് കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | സി | ഉണ്ട്. 157.8 കോടി രൂപയുടെ കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ട്. |
| ഡി | പദ്ധതി മൂലം എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത് ? | ഡി | റോഡ്/റെയിൽ മാർഗ്ഗമാണ് കേരളത്തിൽ ഇപ്പോൾ മിക്കവാറും ചരക്കുകൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് എത്തിച്ചേരുന്നത്. ഇത് കടൽ മാർഗ്ഗം ആക്കിയാൽ താഴെ പറയുന്ന ഗുണങ്ങൾ ഉണ്ടാകുന്നതാണ്.<br>1.ചരക്കുകൊണ്ടുവരുന്നതിനുള്ള ചെലവ് ഗണ്യമായി കുറയും.<br>2. അന്തരീക്ഷത്തിന്റെ മലിനീകരണം കുറയ്ക്കാൻ സാധിക്കും.<br>3. ചരക്ക് എത്തിക്കുന്നതിനുള്ള സമയം കുറയും<br>4. റോഡിലുള്ള തിരക്കും അതുമൂലമുണ്ടാകാൻ സാദ്ധ്യതയുള്ള അപകടങ്ങളും കുറയ്ക്കാൻ സാധിക്കും.<br>5. തീ പിടിക്കാൻ സാധ്യതയുള്ള പെട്രോളിയം ഉൽപ്പന്നങ്ങളും രാസവസ്തുക്കളും കടൽമാർഗ്ഗം കടത്തുകവഴി അപകട സാദ്ധ്യത കുറയും.<br>6. കൈകാര്യം ചെയ്യുന്ന ചരക്കിന്റെ വ്യാപ്തിയും ഭാരവും പ്രശ്നമല്ല. ബംഗാൾ, ഒറീസ, ഗുജറാത്ത്, മഹാരാഷ്ട്ര, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്ന് ആവശ്യമായ ചരക്കുകൾ കടൽ വഴി കൊണ്ടുവരുന്നതിന് വ്യാപാരികൾ തയ്യാറായാൽ സംസ്ഥാന സർക്കാരിന്റെ ഈ ഉദ്യമം വിജയിക്കും. കൂടാതെ പ്രസ്തുത പദ്ധതി മൂലം റോഡിലെ തിരക്ക് കുറയുകയും ഉല്പന്നങ്ങളുടെ വിലയിൽ ഗണ്യമായ കുറവ് വരുത്തുവാനും സാധ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 26 21.12.2010 - ൽ മറുപടിക്ക്

## ഭക്ഷ്യ വസ്തുക്കൾക്കുണ്ടായ ക്രമാതീതമായ വില വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ശ്രീ. സി. ദിവാകരൻ, (ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കൾക്കുണ്ടായ ക്രമാതീതമായ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ അവശ്യ സാധനങ്ങൾ ഉത്പാദിപ്പിക്കുന്നതിൽ ഉണ്ടാകുന്ന കുറവ്, ഉൽപ്പാദനക്കുറവ്, പ്രതികൂല കാലാവസ്ഥ, എന്നിവയും (productivity) അനിയന്ത്രിതമായ ഇന്ധന വിലവർദ്ധനവും അന്താരാഷ്ട്ര വിപണനയിൽ വരുന്ന മാറ്റങ്ങൾ റീട്ടെയിൽ രംഗത്ത് കുത്തകകളുടെ കടന്നുകയറ്റം എന്നിവയും വിലവർദ്ധനവിന് ഇടയാക്കാറുണ്ട്. എന്നാൽ ശക്തമായ കമ്പോള ഇടപെടൽ കാരണം സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കൾക്ക് ക്രമാതീതമായ വിലവർദ്ധന ഉണ്ടായിട്ടില്ല. |
| (ബി) ഭക്ഷ്യ വസ്തുക്കൾക്ക്, പച്ചക്കറികൾക്കുൾപ്പെടെ ദിവ സംപ്രതി വില ഇരട്ടി യായതിന് കാരണം ഇടത്തട്ടു കാരുടെ സംഘടിത പ്രവർത്തനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരെ പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) പച്ചക്കറികളുടെ വിലയിലെ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ആയതിന് കാരണം, ഇടത്തട്ടുകാരുടെ സംഘടിത പ്രവർത്തനമാണെന്ന് പറയാൻ കഴിയില്ല. സംസ്ഥാനത്തെ പച്ചക്കറിയുടെ ആവശ്യകതയുടെ ഏറിയപങ്കും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. ആ സംസ്ഥാനങ്ങളിലെ കാലാവസ്ഥ വ്യതിയാനങ്ങളും മറ്റു ഘടകങ്ങളും പച്ചക്കറി വിലയെ പ്രതികൂലമായി സ്വാധീനിയ്ക്കാറുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സപ്ലൈകോ വഴി വീട്ടുപടിക്കൽ ന്യായവിലയ്ക്ക് പച്ചക്കറികൾ എത്തിക്കുന്നുണ്ട്. മൊബൈൽ പച്ചക്കറി വില്പന ശാലകൾ ആരംഭിച്ചിട്ടുണ്ട്. ഇതു വിജയകരമാണെന്നു കാണുന്ന പക്ഷം സംസ്ഥാനത്ത് എല്ലായിടത്തും വ്യാപിപ്പിക്കുന്നതിനു ശ്രമിക്കുന്നതാണ്. അവശ്യസാധനങ്ങളുടെ വിതരണത്തിന് മാവേലി സ്റ്റോറുകൾക്കു പുറമെ ഇത്തരം മൊബൈൽ വില്പന |

| | |
|---|---|
| | കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.<br>നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ജനങ്ങൾക്ക് എത്തിക്കുന്ന മാർക്കറ്റ് ഇടപെടൽ പദ്ധതി വിലക്കയറ്റം തടയുന്നതിന് പര്യാപ്തമാണ്. സപ്ലൈകോയ്ക്ക് അവശ്യസാധനങ്ങൾ ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് നേരിട്ട്/ ഏറ്റവും കുറഞ്ഞ നിരക്കിൽ തന്നെ വാങ്ങുന്നതിനായി ഈ-പർച്ചേസ് സംവിധാനമാണ് നിലവിലുള്ളത്. ഇതു മൂലം രാജ്യത്തെ ഏറ്റവും കുറഞ്ഞ വാങ്ങൽ വിലകൾ ഉറപ്പാക്കിയിരിക്കുന്നു. കൃഷി വകുപ്പിന്റെ സഹായത്തോടെ ഹോർട്ടി കോർപ്പ് ക്രിസ്തുമസ് വിപണന മേളകൾ ഒരുക്കി വില പിടിച്ചു നിർത്തുവാൻ ശ്രമിക്കുന്നത്. 20% സബ്സിഡിയോടെയുള്ള മേളകൾ ഡിസംബർ 24 വരെ ഉണ്ടാകും. |
| (സി) ഹോട്ടലുകളിൽ അമിത വില ഈടാക്കുന്നത് തടയാനും, കൃത്രിമ ക്ഷാമവും തമിഴ്നാട്ടിലെ വെള്ളപ്പൊക്കവും മറയാക്കി, മാർക്കറ്റിൽ ഉല്പന്നങ്ങൾക്ക് നിമിഷം പ്രതി വില വർദ്ധിപ്പിക്കുന്ന പ്രവണത നിയന്ത്രിക്കാനും, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് വില നിശ്ചയിക്കാൻ നിലവിൽ നിയമമില്ല. എന്നാൽ, ഹോട്ടലുകളിലെ വില പ്രദർശിപ്പിക്കാൻ നിയമം അനുശാസിക്കുന്നുണ്ട്. ആയതിന്റെ പിൻബലത്തിൽ സംസ്ഥാനത്തെ എല്ലാ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും വില പ്രദർശിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ട്. അമിതവില ഈടാക്കുന്നതിന് തടയിടുന്നതിനായി എല്ലാ ജില്ലകളിലും കുറഞ്ഞത് 10 മാവേലി ഹോട്ടലുകൾ എങ്കിലും തുടങ്ങാൻ തീരുമാനിച്ചിരുന്നു. അപ്രകാരം സംസ്ഥാനത്തൊട്ടാകെ 56 മാവേലി ഹോട്ടലുകൾ പ്രവർത്തിച്ചു വരുന്നു. ഇത് വ്യാപകമാക്കുവാൻ ശ്രമിക്കുന്നുണ്ട്. സപ്ലൈകോയിൽ നിന്നും സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്ന സാധനങ്ങൾ ഉപയോഗിച്ച് ടി ഹോട്ടലുകളിൽ 10 മുതൽ 15 രൂപ വരെ നിരക്കിൽ ഊണ് നൽകി വരുന്നുണ്ട്.<br>അവശ്യ സാധനങ്ങളുടെ സംഭരണവും വിതരണവും സിവിൽ സപ്ലൈസ് വകുപ്പ് നിരീക്ഷിച്ചു വരുന്നുണ്ട്. ലൈസൻസിംഗ് സമ്പ്രദായം നിർബന്ധമാക്കിയിട്ടുണ്ട്. സ്റ്റോക്കും വിലയും പ്രദർശിപ്പിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ - പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 27 | 21.12.2010-ൽ മറുപടിയ്ക്ക്

# വിഷൻ 2010 പദ്ധതി

**ചോദ്യം**

ശ്രീ. എം.മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ.സി.ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

(എ) മുൻ രാഷ്ട്രപതി എ.പി.ജെ.അബ്ദുൾകലാം സംസ്ഥാന നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിഷൻ 2010 പദ്ധതിയിൻ കീഴിൽ ഈ സർക്കാരിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

**മറുപടി**

ശ്രീ.വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) ബഹുമാനപ്പെട്ട മുൻ രാഷ്ട്രപതി ശ്രീ.എ.പി.ജെ.അബ്ദുൾ കലാം 2005 ജൂലായ് മാസം കേരള നിയമസഭയിൽ കേരളത്തിന്റെ വികസനത്തിനായി താഴെപറയുന്ന 10 ദൗത്യങ്ങളുടെ രൂപ രേഖ നൽകുകയുണ്ടായി. ഇതോടൊപ്പം കേരളത്തിന്റെ വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും മുൻഗണന നൽകുന്ന 6 ദൗത്യങ്ങൾ കൂടി കേരള സർക്കാർ കൂട്ടിച്ചേർക്കുകയുണ്ടായി. ഇവ താഴെപ്പറയുന്നു.

1 വിനോദ സഞ്ചാരം
2 ഉൾനാടൻ ജലഗതാഗത പാത വികസനം
3 വിജ്ഞാന ഉൽപന്നങ്ങളുടെ വിപണനവും വികസനവും
4 ഔഷധ സസ്യങ്ങളുടേയും ആയുർവേദ ഉൽപന്നങ്ങളുടെയും നിർമ്മാണം
5 നഴ്സുമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ഗുണമേന്മയുള്ള പരിശീലനം
6 പ്രത്യേക സാമ്പത്തിക മേഖലകളുടെ രൂപീകരണം
7 ആഴക്കടൽ മത്സ്യബന്ധനവും സമുദ്രമത്സ്യ സംസ്ക്കരണവും വിപണനവും
8 സമുദ്രമേഖലയിലെ "പുര"
9 റബ്ബർ, തേയില, കാപ്പി,സുഗന്ധദ്രവ്യങ്ങൾ, നാളികേരം, പഴവർഗ്ഗങ്ങൾ എന്നിവയുടെ മൂല്യവർദ്ധന പരിപാടി
10 വികസനത്തെ സഹായിക്കുന്ന ബഹിരാകാശ ദൗത്യം
11 കൃഷി

| | |
|---|---|
| | 12 പരമ്പരാഗത വ്യവസായങ്ങൾ<br>13 ദാരിദ്ര്യ നിർമ്മാർജ്ജനം<br>14 പൊതുമേഖലയുടെ പുനസംഘടന<br>15 വികേന്ദ്രീകരണ പ്രവർത്തനങ്ങൾ<br>16 പരിസ്ഥിതി സംരക്ഷണം<br><br>ഈ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കാനായി എന്ന് വിശദമാക്കുമോ ; | (ബി) |
| (സി) ഈ പദ്ധതിയിൽ വിഭാവന ചെയ്തിരുന്ന ഏതൊക്കെ പ്രവർത്തികൾ ഈ സർക്കാരിന്റെ ഇനിയുള്ള കാലാവധിക്കുള്ളിൽ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; | (സി) ഇതിലെ പദ്ധതികൾ സംസ്ഥാന പദ്ധതികളുമായും കേന്ദ്രാവിഷ്കൃത പദ്ധതികളുമായും സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. |
| (ഡി) വിഷൻ 2010 സാക്ഷാത്കരിക്കാൻ കഴിയാതിരുന്നതിനുള്ള കാരണങ്ങൾ ഏതൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ? | (ഡി) വിഷൻ 2010 ദൗത്യത്തിലെ പദ്ധതികൾ കേന്ദ്ര പദ്ധതികളായും സംസ്ഥാന പദ്ധതികളായും നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ അവ ഓരോന്നും പ്രത്യേകം പ്രത്യേകമായി നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 28 21.12.10ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള പാരിസ്ഥിതിക പഠനം

ചോദ്യം

ശ്രീ.ജി.കാർത്തികേയൻ

ശ്രീ.വർക്കല കഹാർ

ശ്രീ.എൻ.ശക്തൻ

മറുപടി

ശ്രീ. വി.സുരേന്ദ്രൻ പിള്ള

( യുവജനക്ഷേമവും തുറമുഖവും

വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | വിഴിഞ്ഞം തുറമുഖ പദ്ധതിക്കുള്ള കേന്ദ്ര സർക്കാരിന്റെ ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി നടത്തിയ പാരിസ്ഥിതിക പഠനം പൂർത്തിയായിട്ടുണ്ടോ ; ഇതിനായി എന്തൊക്കെ പഠനങ്ങളാണ് നടത്തിയത് എന്ന് വിശദമാക്കുമോ ; | എ) യും ബി)യും | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട പാരിസ്ഥിതികാനുമതി (Environmental clearance ) -ക്കായുള്ള അപേക്ഷ 5-10-2010-ൽ നൽകിയിട്ടുണ്ട്. CRZ ക്ലിയറൻസ് യഥാസമയം ലഭിക്കുന്നതിന് ആവശ്യമായ സംസ്ഥാന സർക്കാരിന്റെ അപേക്ഷയും കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിച്ചശേഷമേ തുടർനടപടികൾ ആരംഭിക്കേണ്ടതുള്ളു. |
| ബി | ഇക്കാര്യത്തിൽ ഇനിയും എന്തൊക്കെ നടപടികളാണ് ശേഷിക്കുന്നത് ; | | |
| സി | തുറമുഖ റോഡിന്റെയും റെയിൽ പാതയുടേയും പാരിസ്ഥിതിക പഠനം പൂർത്തിയായിട്ടുണ്ടോ; | സി | ഇല്ല. നടന്നുവരുന്നു. |
| ഡി | ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ കേന്ദ്ര സർക്കാറിന് നൽകി കഴിഞ്ഞുവോ ; | ഡി | ' സി ' പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| ഇ | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചുവോ ; ഇല്ലെങ്കിൽ ഇതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെ ; | ഇ | ഇത് സംബന്ധിച്ച അപേക്ഷകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. |
| എഫ് | ഇവ പരിഹരിക്കാനും കേന്ദ്രാനുമതി നേടുന്നതിനും എന്തൊക്കെ നടപടികൾക്കാണ് ഉദ്ദേശിക്കുന്നത് ; | എഫ് | ചോദ്യം ഉദിക്കുന്നില്ല. |
| ജി | ഈ പദ്ധതിക്കായുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണം എന്ന് കൈവരിക്കാനാകും എന്നറിയിക്കുമോ ? | ജി | 2011 ൽ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

File No: 14551/D/2010/Tran

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 29　　　　21.12.2010 - ൽ മറുപടിക്ക്

## നിർദ്ദിഷ്ട റെയിൽവേ കോച്ച് ഫാക്ടറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അച്ചുതൻ :<br>ശ്രീ. സി.പി. മുഹമ്മദ്:<br>ശ്രീ എ.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. എ.പി. അനിൽകുമാർ: | | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) | പാലക്കാട്ടെ നിർദ്ദിഷ്ട റെയിൽവേ കോച്ച് ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വെളിപ്പെടുത്തുമോ; | (എ) യും (ബി) യും | 2008-2009 -ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ് പാലക്കാട് റെയിൽ കോച്ച് ഫാക്ടറി. ഇതിനായി ആവശ്യമുള്ള 430.59 ഏക്കർ ഭൂമി 01.02.2010-ലെ ജി.ഒ.(എം.എസ്) 8/2010 നമ്പർ ഉത്തരവ് പ്രകാരം ഏറ്റെടുക്കാൻ തീരുമാനിക്കുകയും അതിൽ 429.27 ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും ചെയ്തു കഴിഞ്ഞു.<br>റെയിൽ കോച്ച് ഫാക്ടറി പൂർണ്ണമായും കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലായിരിക്കുമെന്ന അനുമാനത്തിൽ ആവശ്യമായ ഭൂമി സൗജന്യമായി നൽകുവാനായിരുന്നു സർക്കാരിന്റെ തീരുമാനം.<br>റെയിൽവേ മന്ത്രാലയം 1215 കോടി രൂപ ചെലവിൽ നിർദ്ദിഷ്ട കോച്ച് ഫാക്ടറി ഒരു 'ജോയിന്റ് വെഞ്ച്വർ' ആയി നടപ്പിലാക്കാനുള്ള കേന്ദ്ര കാബിനറ്റ് നോട്ട് തയ്യാറാക്കുന്നുവെന്നും അതിനായി താഴെപ്പറയുന്ന കാതലായ സവിശേഷതകളോടുള്ള സംസ്ഥാന സർക്കാരിന്റെ യോജിപ്പ് അറിയിക്കുവാൻ 07.04.2010-ലെ കത്ത് മുഖേന റെയിൽവേ മന്ത്രാലയത്തിലെ മെക്കാനിക്കൽ എൻജിനീയറിംഗ് (പ്രോജക്ട്) ഉപദേഷ്ടാവ് സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടു.<br>"a) The new Rail Coach Factory is |

| | | | |
|---|---|---|---|
| | | | proposed to be set up at Palakkad in Kerala, where land to the extent of 430.59 acres shall be made available by Government of Kerala free of cost.<br>b)The new factory at Palakkad shall be set up at an estimated cost of Rs. 1215 cr as a Joint Venture, in which Railways shall contribute 26% of the equity.<br>c) Ministry of Railways (MOR) propose to create facilities to enable manufacture of light weight, mainline passenger coaches for superior carrying capacity, speed potential safety and improved ride comfort.<br>d) MOR plan to derive benefits from the latest technological development to reduce costs of transportation to the economy and environment.<br>e) MOR plan to leverage private sector participation in the Joint Venture, so as to reduce Railways own investment requirement".<br>ഇക്കാര്യം മന്ത്രിസഭ പരിശോധിക്കുകയും റെയിൽ കോച്ച് ഫാക്ടറി ഒരു പൊതുമേഖലാ സ്ഥാപനമായിരിക്കണമെന്നാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നതെന്നും ഭാവിയിൽ പദ്ധതി ഒരു 'ജോയിന്റ് വെഞ്ച്വ'റായി മാറ്റണമെന്ന സാഹചര്യം വരുകയാണെങ്കിൽ സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്ന ഭൂമിയുടെ വില ഫാക്ടറിയിലുള്ള സംസ്ഥാന സർക്കാരിന്റെ ഓഹരിയായി കണക്കാക്കണമെന്ന നിബന്ധനയോടെ ടി കാതലായ സവിശേഷതകളോട് സംസ്ഥാന സർക്കാർ യോജിക്കുന്നതായി 21.05.2010-ലെ 4577/ഡി2/2010/ഗതാ നമ്പർ കത്ത് മുഖേന റെയിൽവേയെ സംസ്ഥാന സർക്കാർ അറിയിച്ചു.<br>തുടർന്ന് റെയിൽവേ, ടി ഭൂമിയുടെ വിലയെത്രവരുമെന്ന് കത്ത് മുഖേന അന്വേഷിച്ചപ്പോൾ 60.6345 കോടി രൂപയാണ് ടി ഭൂമിയുടെ കമ്പോള വിലയെന്നും സംസ്ഥാന സർക്കാർ അറിയിച്ചു. |

| | | | |
|---|---|---|---|
| | | | ഇപ്പോൾ ടി റെയിൽവേ ഉപദേഷ്ടാവ്, പദ്ധതിക്കാവശ്യമായ ഭൂമി, ജോയിന്റ് വെഞ്ചറിലെ സ്വകാര്യപങ്കാളിക്ക് ഉപ-പാട്ടത്തിന് നൽകുന്നതിനുള്ള സ്വാതന്ത്ര്യത്തോടെ റെയിൽവേക്ക് 90 കൊല്ലത്തെ ദീർഘകാല പാട്ടത്തിന്, ന്യായമായ പാട്ടവാടകയ്ക്ക് നൽകണമെന്ന നിർദ്ദേശം 02/12/2010-ലെ കത്തു മുഖേന സംസ്ഥാന സർക്കാരിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ട്. ടി നിർദ്ദേശം ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. |
| (ബി) | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തൊക്കെ പുതിയ നിബന്ധനകളാണ് കേന്ദ്രത്തിനു മുന്നിൽ സമർപ്പിച്ചിട്ടുള്ളത്; | | |
| (സി) | കോച്ച് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി തുടങ്ങുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) യും (ഡി) യും | പദ്ധതി നടത്തിപ്പിന്റെ ഏതെങ്കിലും ഘട്ടത്തിൽ ആവശ്യം വന്നാൽ ചർച്ചകളും സർവ്വകക്ഷി സംഘം മുഖേനയും കേന്ദ്രഗവൺമെന്റുമായി സംവദിക്കുന്നതാണ്. |
| (ഡി) | ഇതിനായി സംസ്ഥാനത്ത് നിന്നു ഒരു സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയേയും റെയിൽവേ വകുപ്പു മന്ത്രിയേയും നേരിട്ട് കണ്ട് ചർച്ച നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 30

21.12.2010 ൽ മറുപടിയ്ക്ക്

ടെക്നോപാർക്ക് വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ജെ. അരുന്ധതി ;<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ ;<br>ശ്രീ. വി.ജെ. തങ്കപ്പൻ ;<br>ശ്രീ. വി. ശിവൻകുട്ടി ; | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) ടെക്നോപാർക്കിന്റെ വികസനത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടെക്നോപാർക്കിന്റെ വികസനത്തിനായി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 8.50 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള തേജസ്വിനി എന്ന കെട്ടിട സമുച്ചയം പണി പൂർത്തിയാക്കി അവിടെ കമ്പനികൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഉദ്ദേശം 250 കോടി രൂപ ചെലവിൽ , ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടഭൂമിയിൽ 10 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കേരളത്തിലെ എക്കാലത്തേയും ഏറ്റവും വലിയ ഐ.ടി കെട്ടിടത്തിന്റെ പണി തുടങ്ങിക്കഴിഞ്ഞു. ഉദ്ദേശം 1000 കോടി രൂപ മുതൽമുടക്ക് വരുന്ന ഒരു Global Learning Centre സ്ഥാപിക്കാനായി Tata Consultancy Services Ltd (TCS) ന് 82 ഏക്കർ സ്ഥലം ടെക്നോസിറ്റിയിൽ അലോട്ട് ചെയ്തു. ഏകദേശം 15,000 ത്തോളം ഐ.ടി പ്രൊഫഷണലുകൾക്ക് ഒരേ സമയം ട്രെയിനിംഗിനും താമസത്തിനുമുള്ള സൗകര്യം ഇവിടെ ഉണ്ടായിരിക്കും. ഇന്ത്യയിലെ ഏറ്റവും വലിയ നാലാമത്തെ ഐ.ടി കമ്പനിയായ HCL Info Systems Ltd. ന് അവരുടെ Global R &D Centre ആരംഭിക്കുന്നതിനായി ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ സ്ഥലം അനുവദിച്ചു. ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിലെ 110 കെ.വി സബ് സ്റ്റേഷന്റെ പണി പൂർത്തിയാക്കി. ഇവിടത്തെ വൈദ്യുതി, ജല വിതരണം, ലാന്റ് ഡെവലപ്പ്മെന്റ് , കാമ്പസ് റോഡ്, അപ്രോച്ച് റോഡ് എന്നിവയുടെ പണി പുരോഗമിക്കുന്നു. കൊല്ലം ജില്ലയിലെ കുണ്ടറയിൽ ടെക്നോപാർക്ക് കൊല്ലം എന്ന ഐ.ടി പാർക്ക് സ്ഥാപിക്കുന്നതിനായി ഏകദേശം 44.50 ഏക്കർ ഭൂമി ഏറ്റെടുക്കുകയും അതിന് സെസ് പദവി ലഭിക്കുകയും ചെയ്തു. ഇവിടെ 1 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം, 110 കെ. വി സബ് |

സ്റ്റേഷന്റെ പണി മറ്റനുബന്ധ വികസന പ്രവർത്തനങ്ങൾ എന്നിവ പുരോഗമിക്കുന്നു.

ടെക്നോപാർക്ക് രണ്ടാം ഘട്ടത്തിൽ Infosys ന് നൽകിയ സ്ഥലത്തിൽ 1.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റേയും 50,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള Utility Building ന്റേയും പണി പൂർത്തിയായിക്കഴിഞ്ഞു. 1.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള അവരുടെ രണ്ടാമത്തെ ഡെവലപ്പമെന്റ് സെന്ററിന്റെ പണി പുരോഗമിച്ചു വരുന്നു. ടെക്നോപാർക്ക് രണ്ടാം ഘട്ടത്തിൽ US Technology Global ന് അനുവദിച്ച 36 ഏക്കർ ഭൂമിയിൽ 8.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ പണി തുടങ്ങി. ഏഷ്യൻ സ്കൂൾ ഓഫ് ബിസിനസ്സിന്റെ പുതിയ കാമ്പസ്സിനായി ടെക്നോസിറ്റിയിൽ 16 ഏക്കർ ഭൂമി അനുവദിച്ചു.

ബി) ടെക്നോപാർക്കിന്റെ വിസ്തൃതിയിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ; പുതുതായി എത്ര കമ്പനികൾ പ്രവർത്തനമാരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ ;

ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ ടെക്നോപാർക്കിന്റെ ഭൂവിസ്തൃതിയിൽ 587 ഏക്കറിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ കാലഘട്ടത്തിൽ പുതുതായി 93 കമ്പനികൾ ഇവിടെ പ്രവർത്തനം തുടങ്ങി.

സി) ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനത്തിനായി ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ ;

ഡി) പദ്ധതി പൂർത്തിയാകുമ്പോൾ പുതുതായി എത്രപേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കുമോ ?

സി)& ഡി) ടെക്നോപാർക്കിന്റെ മൂന്നാം ഘട്ട വികസനത്തിന് ഏറ്റെടുത്ത ഭൂമിയിലെ 27 ഏക്കർ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനാവശ്യമായ Master Plan തയ്യാറാക്കിയിട്ടുണ്ട്. ഇവിടെ 10 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കേരളത്തിലെ എക്കാലത്തേയും ഏറ്റവും വലിയ ഐ.ടി കെട്ടിടത്തിന്റെ പണി നടന്നുവരുന്നു. കൂടാതെ താഴെപ്പറയുന്ന കമ്പനികൾക്ക് ഭൂമി 90വർഷത്തേക്ക് പാട്ടത്തിന് നല്കിയിട്ടുണ്ട്.

HCL Info Systems- 2 ഏക്കർ

Speridian Technologies -2 ഏക്കർ

Vinvish Technologies -1 ഏക്കർ

Zafin Software Centre for Excellence- 50 സെന്റ്

Virtus IT Services -50 സെന്റ്

Ariva Med data IT Services-4.63 ഏക്കർ

ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ 110 കെ.വി സബ് സ്റ്റേഷന്റെ പണി പൂർത്തിയാക്കി. ഇവിടത്തെ വൈദ്യുതി, ജല വിതരണം, ലാന്റ് ഡെവലപ്പ്മെന്റ് , കാമ്പസ് റോഡ്, അപ്രോച്ച് റോഡ് എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പണി

പുരോഗമിച്ചു വരുന്നു. ഈ പദ്ധതി പൂർത്തിയാകുമ്പോൾ ഏകദേശം 35,000 പേർക്ക് തൊഴിൽ ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ